THE TAX ADVISOR

AUGUST 2022

A MONTHLY JOURNAL ON TAXATION

Annual Subscription Rs.200/-
Single Copy Rs.20/-

Published by
KERALA TAX PRACTITIONERS' ASSOCIATION
Website: www.taxpractitioners.in E-mail:advisor.ktpa@gmail.com

വായനക്കാർക്ക് ഹൃദ്യമായ
ഓണാശംസകൾ

2022 SSLC Full A+

ചാരുലേഖ. എസ്
D/o Tpr. സവിത, പാലക്കാട്

MBBS Passed

മോഹിത് ജെ. പി.
S/o Tpr. ജയകൃഷ്ണൻ, കണ്ണൂർ

CA Qualified

അഷിക എസ്. നായർ
D/o TPr. സുരേഷ്, പാലക്കാട്

ICMAI 49th Rank (All India)

അഭിജിത്ത് മോഹൻ
S/o TPr. മോഹനൻ. കെ.,
തിരുവനന്തപുരം

2022 Plus 2 Full A+

വിഷ്ണു. സി
S/o Tpr. മനോജ്. സി, തൃശ്ശൂർ

ആദിത്. എം.ഡി
S/o TPr. ദിലീപ് എം.എസ്., തൃശ്ശൂർ

ധനലക്ഷ്മി പി.ആർ.
D/o TPr. രമേഷ് ബാബു, തൃശ്ശൂർ

BEST WISHES FROM KTPA

THE TAX ADVISOR

An Official Publication of Kerala Tax Practitioners' Association
Ganesh Bhavan, TC 38/2906 (1), Opp. GMBHSS Killippalam
Chalai P.O., Thiruvananthapuram- 695036
Mobile: 9846255537, 9562912666, E-mail:advisor.ktpa@gmail.com

Vol No.VIII AUGUST 2022 Issue No.3

EDITORIAL BOARD

Chief Editor
TPr. JOSPEH P.S.
Mob:9447522865
Executive Editor
TPr. S. VIJAYAN ACHARI
Mob:9562912666
Resident Editor
TPr. S.RAJEEV
Mob:9447020555

EX-OFFICIO MEMBERS

TPr. RAJESH B.L
Mob: 9847144568
TPr. U.K. DAVOOD
Mob:9446250639
TPr. SUBRAHMANIAN.P.
Mob:9447190866
TPr. SIMON P.D.
Mob:9142906213
TPr. A. SURESHAN
Mob:9847247423
TPr. SIVAN KUTTY N.K
Mob:9447568018
TPr. RAJIMOL RAJEEV
Mob:9746175080

MEMBERS

TPr. RAMACHANDRAN.R
Kollam, Mob:9447069165
TPr. MOHAMMED KASIM. A
Palakkad, Mob:9400820537
TPr. ANILKUMAR D. P
Kozhikkode, Mob:9447218482
TPr. SATHEESHKUMAR V. J
Alappuzha, Mob:9447463273
TPr. MUKUNDAN P P
Malappuram, Mob:9995581042
TPr. R. RAMAKRISHNAN POTTY
Ernakulam, Mob:9388605935
TPr. BIJU C.A
Thrissur, Mob:9387288722
TPr.SANTHOSH K.P
Wayanad, Mob:.9495387275
TPr. ABRAHAM K. LUKOSE
Pathanamthitta, Mob:9447013543
TPr. ANANTHAKRISHNAN R
Kannur , Mob:9447755620
TPr.PRAKASHAN.N
Kottayam , Mob:9495264122
TPr HARISH K.P
Idukki - 9447330396
TPr BABY M.K.
Kasaragod- 9495181271

IN THIS ISSUE

1. Editorial 4
2. From the President 5
3. INFOCUS
   ആദ്യ രണ്ടു വർഷത്തെ
   അസസ്മെന്റ് പൂർത്തിയാക്കാൻ
   ഒരു ആംനസ്റ്റി സ്കീം പ്രഖ്യാപിക്കണം 6
4. ഇന്ത്യൻ ജനാധിപത്യത്തിന്റെ സൗന്ദര്യം 9
5. ജിഎസ്ടിയിലെ അപ്രായോഗിക
   നിബന്ധനകൾ ഒഴിവാക്കണം 11
6. ആസാദ് സാഹിബ്
   നാം സ്വതന്ത്രരായിരിക്കുന്നു 12
7. സ്വർണ്ണത്തിന് ഇ-വേ ബിൽ 17
8. ഇ-ഇൻവോയ്സ് പരിധി
   ഒക്ടോബർ 1 മുതൽ 10 കോടി 19
9. ആദായനികുതി ഒറ്റമാസം
   സമർപ്പിച്ചത് 5.12 കോടി റിട്ടേൺ 21
10. നാടെങ്ങും ചോദ്യം,
    നമ്മൾ പാപ്പരാവുമോ! 22
11. ഓണം
    ഡോ. പൂഴിക്കുന്ന് കൃഷ്ണകുമാർ 23
12. Determination of Place of Supply of Service of Renting of residential property to a Unregistered Person under GST. 24
13. 47-ാം ജി.എസ്.ടി കൗൺസിൽ
    തീരുമാനങ്ങൾ 28

The association does not accept any responsibility for the views expressed in articles/ contributions/ advertisements published in this journal

ആരെല്ലാം കൈ കഴുകിയാലും അടുക്കള ബജറ്റ് ഉയരുന്നു!

അവ്യക്തതയുടെ മുഖംമൂടിയണിയിച്ച് 47-ാം ജി എസ് ടി കൗൺസിൽ തീരുമാനമായി പുറത്തു വന്ന അരി, ഗോതമ്പ്, ഇവയുടെ മാവുകൾ, പയർ, ഉഴുന്ന് മറ്റ് പരിപ്പുവർഗ്ഗങ്ങൾ, തൈര്, മോര്, സുഗന്ധ വ്യഞ്ജനങ്ങൾ , ശർക്കര തുടങ്ങിയ നിത്യോപയോഗ സാധനങ്ങളെ നികുതി വിധേയമാക്കിയ തീരുമാനത്തോടെ ഓരോ അടുക്കളയിലേയും പ്രതിമാസ ബഡ്ജറ്റിൽ ഏറ്റവും കുറഞ്ഞത് 500 രൂപയുടെയെങ്കിലും വർദ്ധനവുണ്ടാകും. 25 കിലോയിൽ താഴെ വരുന്ന ബ്രാണ്ടഡ് പാക്കേജ്ഡ് കമ്മോഡിറ്റി എന്ന നിലയിൽ വില്ക്കപ്പെട്ടിരുന്ന ധാന്യങ്ങളും, പയർ വർഗ്ഗങ്ങളും മാത്രമായിരുന്നു നികുതി വിധേയമായിരുന്നത്. നികുതി നിരക്കുകളിൽ യുക്തിസഹമായ മാറ്റങ്ങൾ നിർദ്ദേശിക്കാൻ ജി എസ് ടി കൗൺസിൽ ചുമതപ്പെടുത്തിയിരുന്ന സംസ്ഥാന മന്ത്രിതല സമിതിയായ എസ് ആർ ബൊമ്മെ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നികുതി നിരക്കുകൾ പരിഷ്കരിച്ച് വിജ്ഞാപനം പുറത്തു വന്നപ്പോൾ 25 കിലോയിൽ താഴെ ഏതു രീതിയിൽ വിറ്റാലും അരിക്കും, ഗോതമ്പിനും, പയർ വർഗ്ഗങ്ങൾക്കും, തൈരിനും, ശർക്കരയ്ക്കുമൊക്കെ നികുതി ബാധകമാക്കിയിരിക്കുകയാണ്. ജൂലൈ 18 മുതൽ ഇവയ്ക്ക് 5% ജിഎസ്ടി-യാണ് ചുമത്തിയിരിക്കുന്നത്.

മില്ലുകളിൽ നിന്നോ, മൊത്ത വ്യാപാരികളിൽ നിന്നോ 50 കിലോ ചാക്കുകളിൽ വാങ്ങുമ്പോൾ ഇവ നികുതി വിധേയമല്ല. എന്നാൽ ചില്ലറയായി ഇവതൂക്കി വിൽക്കുമ്പോൾ നികുതി വിധേയമായി മാറുന്നു. ഇത്തരത്തിലുള്ള അവ്യക്തതകൾ പുതിയ വിജ്ഞാപനത്തിൽ നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യം വ്യാപാര മേഖലയിൽ നിന്നും ഉയർന്നു വന്നപ്പോൾ, കേന്ദ്രത്തിനേയും ജി എസ് ടി കൗൺസിലിനേയും പഴിചാരി കൈകഴുകി രക്ഷനേടാനാണ് സംസ്ഥാനങ്ങൾ വ്യഗ്രത കാട്ടിയത്. കൗൺസിലിന്റെ ശുപാർശകൾക്ക് നിർദ്ദേശ സ്വഭാവം മാത്രമാണുള്ളതെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഇതംഗീകരിക്കാൻ ബാധ്യതയില്ലെന്നു മേയ്മാസം സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ ശുപാർശകൾ നൽകി നടപ്പിലാക്കാനുള്ള അധികാരം ജി എസ് ടി കൗൺസിലിന് ഭരണഘടന നൽകിയിട്ടുണ്ടെന്ന് ഇതിന്മേൽ നടന്ന ചർച്ചയ്ക്ക് മറുപടിയായി കേന്ദ്രമന്ത്രി പങ്കജ് ചൗധരി രാജ്യസഭയിൽ പറഞ്ഞത് ശ്രദ്ധേയമാണ്.

കേന്ദ്ര- സംസ്ഥാന ജിഎസ്ടി നിയമങ്ങൾ അനുസരിച്ച് നിരക്ക്, ചട്ടങ്ങൾ എന്നിവയിലുണ്ടാകുന്ന മാറ്റങ്ങൾ ജിഎസ്ടി കൗൺസിലിന്റെ ശുപാർശ അനുസരിച്ച് മാത്രമാണ് നടക്കുന്നതെന്നും, കൃത്യമായ ആലോചനകൾക്ക് ശേഷം കൈക്കൊള്ളുന്ന തീരുമാനങ്ങളാകയാൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക് ഇതംഗീകരിച്ചു നടപ്പിലാക്കാൻ ബാദ്ധ്യതയുണ്ടെന്നും കേന്ദ്ര മന്ത്രി വിശദീകരിക്കുന്നു. യുക്തിസഹമായ രീതിയിൽ ജി എസ് ടി നിരക്കുകൾ പുനർ

(ശേഷം 8-ാം പേജിൽ)

From the President

ചരക്ക് സേവന നികുതി നിയമം പ്രാബല്യത്തിലായതിന്റെ അഞ്ചാം വർഷത്തിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കാൻ സർക്കാർ ഉത്തരവായിരിക്കുന്നു. നികുതിദായക സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, ഇന്റലിജൻസ് ആന്റ് എൻഫോഴ്സ്മെന്റ് വിഭാഗം എന്നിങ്ങനെ പ്രധാനമായും മൂന്ന് വിഭാഗങ്ങൾ ഇനിമുതൽ ജി.എസ്.ടി വകുപ്പിൽ ഉണ്ടായിരിക്കും. നികുതി വരുമാനം വർദ്ധിപ്പിക്കുക, നികുതി ദായകർക്ക് നല്ല സേവനങ്ങൾ നല്കുക. ബിസ്സിനസ്സ് സാഹചര്യം വർദ്ധിപ്പിക്കുക, വകുപ്പിൽ പ്രൊഫഷണലിസം വർദ്ധിപ്പിക്കുക, നടപടിക്രമങ്ങൾ ലഘൂകരിക്കുക, ഉദ്യോഗസ്ഥരുടെ ജോലിയുള്ള താല്പര്യം വർദ്ധിപ്പിക്കുക എന്നിങ്ങനെ പലവിധ ലക്ഷ്യങ്ങളിലൂന്നിയാണ് വകുപ്പ് പുനഃസംഘടിപ്പിച്ചിരിക്കുന്നത്.

റിട്ടേൺ ഫയലിംഗ്, സൂഷ്മപരിശോധന, റീഫണ്ട് അനുവദിക്കൽ, നികുതി പിരിക്കലുമായുള്ള മറ്റ് നടപടിക്രമങ്ങൾ എന്നിവയെല്ലാം നികുതി ദായകസേവനവിഭാഗത്തിൽ ഉൾപ്പെടുന്നു.

ഒരു വർഷം ഏകദേശം 10,000 വ്യാപാരികളുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുക എന്ന ലക്ഷ്യവുമായിട്ട് 140 ആഡിറ്റ് യൂണിറ്റുകളാണ് പുതിയതായി രൂപീകരിക്കപ്പെടുന്നത്. ഒരുമാസം ഏകദേശം 4000 ത്തിലധികം പുതിയ ജി.എസ്.ടി രജിസട്രേഷനുകളാണ് നല്കപ്പെടുന്നത്. ഇനി മുതൽ രജിസ്ട്രേഷൻ അനുവദിക്കുന്നത് ഹെഡ് ക്വാർട്ടേഴ്സിൽ രൂപീകരിച്ചിട്ടുള്ള സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ് (CRU) ആയിരിക്കും. സർക്കാരിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ ഈ പുനഃസംഘടനയ്ക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

2023 സെപ്റ്റംബർ 30-ന് മുമ്പ് ചരക്ക് സേവന നികുതി വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ എല്ലാം തീർപ്പാക്കുന്നതിനുള്ള പദ്ധതികൾ നടന്നുവരുന്നുണ്ട്. മൂല്യവർദ്ധിത നികുതി നിയമം സംബന്ധിച്ച് അസ്സസ്സ്മെന്റുകൾ 5 വർഷത്തിനുശേഷവും പൂർത്തീകരിക്കാത്ത ഓഫീസുകൾ ഉണ്ട്. എത്രയും വേഗത്തിൽ KVAT പ്രകാരമുള്ള അസ്സസ്സ്മെന്റുകൾ പൂർത്തിയാക്കണമെന്ന് ആവശ്യപ്പെടുന്നു.

ആനംസ്റ്റി സ്കീം 2022 പ്രകാരം അപേക്ഷ നല്കേണ്ട അവസാന തീയതി ആഗസ്റ്റ് മാസം 31 - ഉം നികുതി കുടിശ്ശിഖ അടച്ച് തീർക്കേണ്ടത് ഡിസംബർ 31 -ാം തീയതിയുമാണ്. KVAT സംബന്ധിച്ച അസ്സസ്സ്മെന്റുകളും മറ്റ് തുടർനടപടികളും പൂർത്തയാകാത്ത സാഹചര്യത്തിൽ ആംനസ്റ്റി സ്കീം 2022 പ്രകാരം അപേക്ഷ നല്കുന്നതിനുള്ള തീയതി ഡിസംബർ 31-ലേയ്ക്കും കുടിശ്ശിഖ അടച്ചുതീർക്കുന്നതിനുള്ള തീയതി 2023 മാർച്ച് 31 - ലേക്കും ദീർഘിപ്പിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി അസ്സോസിയേഷൻ ബഹു.ധനകാര്യമന്ത്രിക്കും നികുതി വകുപ്പ് കമ്മീഷണർക്കും നിവേദനങ്ങൾ നല്കിയിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മാത്രമായി കേരള സർക്കാർ ആരംഭിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് MEDICEP. പ്രതിമാസം 500/- രൂപ പ്രീമിയത്തിൽ എല്ലാ സർക്കാർ ജീവനക്കാരും പെൻഷൻക്കാരും പദ്ധതിയിൽ നിർബ്ബന്ധമായും ചേർന്നിരിക്കണം. സർക്കാരിന്റെ നികുതി സമാഹരണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ടാക്സ് പ്രാക്ടീഷ്ണർമാരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേരള ടാക്സ് പ്രാക്ടീഷ്ണേഴ്സ് അസ്സോസിയേഷൻ ആവശ്യപ്പെടുന്നു.

അഭിവാദനങ്ങളോടെ

TPr.പി.എസ്.ജോസഫ്

സംസ്ഥാന പ്രസിഡന്റ്

വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്താതെ ധൃതിപിടിച്ച് 2017 ജൂലൈ 1 മുതൽ രാജ്യത്ത് ജി എസ്ടി നിയമം നടപ്പാക്കി. പൂർണ്ണമായും ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായി പ്രാവർത്തികമാകേണ്ട നിയമത്തെ സഹായിക്കുവാനായി ആറായിരം കോടി രൂപ ചെലവാക്കി രൂപകല്പന ചെയ്ത ജി എസ് ടി നെറ്റ് വർക്ക് സംവിധാനം ജനിതക വൈകല്യങ്ങളോടെയാണ് പണി തുടങ്ങിയത്. ജി എസ് ടി നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള മൂന്നു തരം റിട്ടേണുകളായ ജി എസ് റ്റി ആർ-1, ജി എസ് റ്റി. ആർ-2, ജി എസ് റ്റി ആർ -3 എന്നിവ ഫയൽ ചെയ്യുവാൻ ആദ്യത്തെ മൂന്നുമാസം സാധിച്ചതേയില്ല.പിന്നീട് പല ഘട്ടങ്ങളിലായി സമയം നീട്ടി നൽകിയാണ് റിട്ടേണുകൾ ഫയൽ ചെയ്യപ്പെട്ടത്. പുതിയ ഒരു നിയമം നടപ്പിലാവുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒരു വശത്തും, മെരുങ്ങാത്ത ജി എസ് ടി നെറ്റ് വർക്ക് ഉണ്ടാക്കിയ പൊല്ലാപ്പ് മറുവശത്തും നിന്ന് ഉയർത്തിയ വെല്ലുവിളികളെ അതിജീവിക്കാൻ വളരെയധികം കഷ്ടപ്പാടുകളാണ് വ്യാപാരികളും, ഈ ജോലി ചെയ്യാൻ വിധിക്കപ്പെട്ട ടാക്സ് പ്രാക്ടീഷണർമാരും അനുഭവിക്കേണ്ടി വന്നത്.

ജി എസ് ടി നെറ്റ് വർക്ക് സംവിധാനത്തിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുവാനായി റിട്ടേണുകളിൽ ചില മാറ്റങ്ങൾ കൊണ്ടു വന്നു. അതിൽ പ്രകാരം ജി എസ് റ്റി ആർ-2 റിട്ടേൺ പിൻവലിക്കുകയും, ജി എസ് റ്റി ആർ-3 യ്ക്ക് പകരം ജി എസ് റ്റി ആർ-3 ബി എന്ന റിട്ടേൺ പ്രാബല്യത്തിലാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വില്പന (ഔട്ട് വേർഡ് സപ്ലൈ) യെ സംബന്ധിച്ചും. വാങ്ങലിനെ (ഇൻവേർഡ് സപ്ലൈ) സംബന്ധിച്ചുള്ള വിവരങ്ങളും നെറ്റ്‌വർക്ക് സംവിധാനത്തിലൂടെ വ്യാപാരികൾക്ക് സമയബന്ധിതമായി ലഭ്യമാകും. എന്നു പറഞ്ഞിരുന്നത് നടക്കാതെ പോയി.

വാങ്ങലിനെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകേണ്ട ജി എസ് ടി ആർ-2 ഒഴിവാക്കപ്പെട്ടതിനാൽ വ്യാപാരികൾക്ക് തങ്ങളുടെ കൈവശം ലഭിച്ചിട്ടുള്ള പർച്ചേസ് ബില്ലുകളെ മാത്രം ആശ്രയിച്ച് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്ത് റിട്ടേൺ ഫയൽ ചെയ്യേണ്ടി വന്നു. റിട്ടേൺ ഫയലിംഗുമായി ബന്ധപ്പെട്ട് ഓരോ മാസത്തിലും പുതിയ പുതിയ പ്രശ്നങ്ങൾ ഉയർന്നു കൊണ്ടേയിരുന്നു. ഇത്തരം വിഷമതകൾ അതാത് സമയങ്ങളിൽ ജി എസ് ടി അധികാരികളെ അറിയിച്ചിട്ടുമുണ്ട്. കാലക്രമേണ എല്ലാം ശരിയാകുമെന്നും, ഉള്ള സൗകര്യങ്ങൾ വച്ചുകൊണ്ട് എങ്ങനെയെങ്കിലും റിട്ടേൺ ഫയൽ ചെയ്ത് സഹകരിക്കണമെന്നും, രാജ്യവ്യാപകമായി ഒരു പുതിയ നിയമം നടപ്പിലാക്കിയപ്പോൾ ഉണ്ടായ പാളിച്ചകൾ എന്നത് പരിഗണിച്ച് ആദ്യവർഷം അസസ്മെന്റു നടപടികൾ ഒന്നുമുണ്ടാകില്ലെന്ന് സിജിഎസ്ടി, എസ്ജിഎസ്ടി അധികാരികൾ വാക്കാൽ ഉറപ്പും നൽകിയിരുന്നതാണ്.

വേനലും, മഞ്ഞും, മഴയും, വെള്ളപ്പൊക്കവും, കോവിഡും, ഒക്കെയായി കാലം കടന്നുപോയപ്പോൾ അന്ന് കണ്ടതും, കേട്ടതും, അനുഭവിച്ചതും, പറഞ്ഞതുമൊക്കെ സർക്കാരുകളുടേയും ജി എസ് ടി കൗൺസിലിന്റേയും സ്മൃതി പഥത്തിൽ നിന്നും മാഞ്ഞു പോയിരിക്കുന്നു. എന്നാൽ നേരിട്ട എല്ലാ പ്രതിസന്ധികളേയും അതിജീവിച്ചു അധികാരികളുടെ വാക്കുകൾ വിശ്വസിച്ചു കൊണ്ട് എങ്ങനെയെങ്കിലുമൊക്കെ ഫയൽ ചെയ്യപ്പെട്ട ജി എസ് ടി റിട്ടേണുകൾ മാഞ്ഞു പോകാതെ അവിടെത്തന്നെ കിടപ്പുണ്ട്. യാതൊരു തരത്തിലുമുള്ള ക്രോസ് വെരിഫിക്കേഷൻ സൗകര്യവും ലഭ്യമാകാതിരുന്ന 2017-18,18-19 എന്നീ വർഷങ്ങളിൽ ഫയൽ ചെയ്യപ്പെട്ട റിട്ടേണുകളിൽ സ്വാഭാവികമായും ചില പാകപ്പിഴകൾ സംഭവിച്ചിട്ടുണ്ടാകാം. എന്നാൽ ഇപ്പോൾ അതൊന്നും പരിഗണിക്കാതെ, അർഹമായതിൽ കൂടുതൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തു എന്ന കാരണം ചൂണ്ടിക്കാട്ടി ബഹു ഭൂരിപക്ഷം വ്യാപാരികൾക്കുമെതിരെ ജിഎസ്ടി വകുപ്പ് അസസ്മെന്റ് നടപടി സ്വീകരിച്ചിരിക്കുകയാണ്. ജി എസ്റ്റിആർ-2എയിൽ പ്രതിഫലിച്ചതിനേക്കാൾ കൂടുതൽ തുക ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തുവെന്ന കാരണം ചൂണ്ടിക്കാട്ടി വ്യാപാരികൾക്കെതിരെ സ്വീകരിക്കപ്പെടുന്ന നടപടികളിൽ, അപ്രകാരം കൂടുതലായി ക്രെഡിറ്റ് എടുത്ത തുകയും, അതിന്റെ നാളിതുവരെയുള്ള 18% പലിശയും, ഇതുവഴി ചെയ്ത കുറ്റത്തിന് ജി എസ് ടി നിയമത്തിലെ 73-ാം വകുപ്പോ, 74-ാം വകുപ്പോ അനുസരിച്ചിട്ടുള്ള പിഴ എന്നിവയെല്ലാം ചേർത്താണ് അസസ്മെന്റ് നടപടികൾ പൂർത്തിയാക്കിയിരിക്കുന്നത്.

ഒരു വ്യാപാരി തന്റെ വില്പന (സപ്ലൈ) യെ സംബന്ധിച്ച വിവരങ്ങൾ ജി.എസ്.ടി ആർ-1 റിട്ടേൺ പ്രകാരം നൽകുമ്പോൾ അതിലുൾപ്പെട്ട ഇൻവോയ്സ്സിൽ കാണിച്ചിരിക്കുന്ന ജിഎസ്ടി നമ്പർ പ്രകാരം പ്രസ്തുത സാധനമോ, സേവനമോ സ്വീകരിച്ച വ്യക്തിയുടെ ജിഎസ്ടിആർ- 2 എയിൽ അത് പ്രതിഫലിക്കപ്പെടും. ഈ സംവിധാനം 2018 ഒക്ടോബർ 25 ന് കൊണ്ടുവരികയും 2019 ഒക്ടോബർ 9 ന് നോട്ടിഫൈ ചെയ്ത് നിയമവിധേയമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. 2019 ഒക്ടോബർ 9 മുതൽ നിയമ പ്രാബല്യം നൽകിയ പുതിയ സംവിധാനം വഴി 2017 ജൂലൈ 1 മുതൽ ഫയൽ ചെയ്യപ്പെട്ട റിട്ടേണുകളിലെ ഇൻവേർഡ് സപ്ലൈ, ഇൻപുട്ട് ടാക്സ് എന്നിവ സംബന്ധിച്ച എല്ലാ വിവരങ്ങളും ഇപ്പോൾ ലഭ്യമാണ്. ജി എസ് റ്റി ആർ- 2 എ നിയമപരമായി നിലവിലില്ലാതിരുന്ന 2017-18, 18-19 എന്നീ വർഷങ്ങളിൽ കൈവശമുള്ള ഇൻവോയ്സ് വിവരങ്ങൾ മാത്രം ആധാരമാക്കി വ്യാപാരികൾ നൽകിയ റിട്ടേണുകൾ രണ്ടു വർഷത്തിനിപ്പുറം കൊണ്ടുവന്ന ജി എസ് റ്റി ആർ- 2 എ നോക്കി താരതമ്യം ചെയ്ത് നോട്ടീസുകളും തുടർന്ന് അസസ്മെന്റ് ഓർഡറുകളും തയ്യാറാക്കാൻ അസസ്സിങ് ഓഫീസർമാർക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. എന്നാൽ ലഭിക്കുന്ന നോട്ടീസിന് ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെടുന്ന രീതിയിൽ മറുപടി നൽകാൻ കഴിയാതെ ഇരുട്ടിൽ തപ്പുകയാണ് വ്യാപാരികൾ.

അതിന്റെ ഫലമായി ചുമത്തപ്പെടുന്ന നികതി തുകയും, പലിശയും, പിഴയും കൂട്ടിച്ചേർത്ത് വൻതുക ഡിമാന്റു ചെയ്തു കൊണ്ട് നൽകിയിരിക്കുന്ന അസസ്മെന്റ് ഓർഡറും കൈപ്പറ്റി എന്തു ചെയ്യണമെന്നറിയാതെ നട്ടം തിരിയുകയാണ് വ്യാപാരികൾ.

പൂർണ്ണമായും ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ഒരു പുതിയ നിയമത്തിന്റെ നടത്തിപ്പിൽ പ്രധാന ഘടകമായ ജിഎസ് ടി നെറ്റ്വർക്ക് സംവിധാനത്തിലുണ്ടായ പാളിച്ചകളാൽ സംഭവിച്ച പിഴവുകൾക്ക് വ്യാപാരികൾക്കു മേൽ മാത്രം കുറ്റമാരോപിച്ച് അവരെ ശിക്ഷയ്ക്ക് വിധേയമാക്കുന്നതിലെ നീതിരാഹിത്യം സർക്കാരുകൾ തിരിച്ചറിയണം. നികുതി നമുക്കും നാടിനും എന്ന ആപ്തവാക്യം അംഗീകരിക്കുമ്പോൾ തന്നെ ഒരു സംവിധാനത്തിന്റെയാകെ പാളിച്ചകളാൽ സംഭവിച്ച പിഴവിന് വ്യാപാരികൾ പ്രായശ്ചിത്തം ചെയ്യണമെന്ന് വാശിപിടിക്കുന്നത് ഭൂഷണമല്ല. മറവിരോഗം ബാധിക്കാത്തവരുടെ ഓർമ്മകളിൽ സംഭവിച്ചതെല്ലാം മായാതെ കിടക്കുന്നുണ്ട്. ഈ ഊരാക്കുടുക്കിൽ നിന്ന് വ്യാപാരി സമൂഹത്തെ രക്ഷിക്കുവാൻ സർക്കാരുകൾക്ക് ധാർമ്മികമായ ബാധ്യതയുണ്ട്. ജി എസ് ടി നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനങ്ങൾക്ക് കേന്ദ്രം ഉറപ്പു നൽകിയിരുന്ന നികുതി വിഹിതത്തിൽ ഉണ്ടായ കുറവുകൾ കൃത്യമായി കേന്ദ്രം നൽകിയിട്ടുണ്ടെന്ന വസ്തുതയും നമുക്കറിയാം. അതുകൊണ്ടു തന്നെ നികുതി നഷ്ടം സംഭവിച്ചു എന്ന് പ്രസ്താവനയ്ക്ക് യാതൊരടിസ്ഥാനവുമില്ല. ഇക്കാര്യംകൂടി പരിഗണിച്ചു കൊണ്ട് ആദ്യരണ്ടു വർഷത്തെ അസസ്മെന്റുകളിന്മേൽ ചുമത്തപ്പെട്ടിരിക്കുന്ന പലിശയും, പിഴയും ഒഴിവാക്കി അടയ്ക്കേണ്ടുന്ന നികുതി മാത്രം ഈടാക്കി അസസ്മെന്റുകൾ പൂർത്തിയാക്കാൻ തക്ക തരത്തിൽ ഒരു ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ച് ഈ ദുരവസ്ഥയിൽ നിന്നും വ്യാപാരികളെ രക്ഷിക്കേണ്ടിയിരിക്കുന്നു.

(പേജ് 4 തുടർച്ച)

നിർണ്ണയിക്കാൻ ജി എസ് ടി കൗൺസിൽ ചുമതലപ്പെടുത്തിയ മന്ത്രിതല സമിതിയിൽ കേരള ധനമന്ത്രിയും അംഗമായിരുന്നു. സമിതി നൽകിയ നിർദ്ദേശങ്ങൾ അതേപടി ജി എസ് ടി കൗൺസിൽ അംഗീകരിക്കുകയായിരുന്നുവെന്ന് കേന്ദ്ര ധനമന്ത്രി പാർലമെന്റിൽ പ്രസ്താവന നടത്തിയപ്പോഴാണ് കാര്യങ്ങൾ വ്യക്തമായത്.

നഷ്ടപരിഹാരം കേന്ദ്രം നിർത്തലാക്കുന്ന സാഹചര്യത്തിൽ ഏതു വിധേനയും നികുതി വരുമാനം വർദ്ധിപ്പിക്കണമെന്ന ചിന്തയിൽ നികുതി ഒഴിവാക്കപ്പെട്ടിരുന്ന നിത്യോപയോഗ സാധനങ്ങളെ നികുതി വിധേയമാക്കിയും, നികുതി നിരക്കുകൾ ഉയർത്തിയും, നിരക്കുകളിലെ വ്യത്യാസങ്ങൾ പരിഹരിക്കാനെന്ന പേരിൽ ഉയർന്ന നിരക്കിൽ ഉൾപ്പെടുത്തിയും, മന്ത്രിതല സമിതി മുന്നോട്ടുവച്ച നിർദ്ദേശങ്ങളെല്ലാം യാതൊരു മാറ്റവും വരുത്താതെ കൗൺസിലും അംഗീകരിച്ചു. **കിട്ടുന്നതിൽ പാതി വീതം രണ്ടു കൂട്ടർക്കും ലഭിക്കുമല്ലോ.** എന്നതിന് മാത്രമായിരിക്കാം കൗൺസിൽ മുഖ്യപരിഗണന നൽകിയത്. നിത്യോപയോഗ സാധനങ്ങൾക്കു മേൽ നികുതി ചുമത്തിയതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക് കൈകഴുകി ഒഴിഞ്ഞുമാറാമെങ്കിലും അടുക്കളയിലുണ്ടാകുന്ന അധിക ചെലവ് നാം തന്നെ വഹിച്ചേ മതിയാകൂ. ജി എസ് ടി നിയമം നടപ്പിലാക്കിയപ്പോൾ മുതൽ നിലനിൽക്കുന്ന സുതാര്യതയില്ലായ്മ ആറാം വർഷത്തിലും തുടർന്നു കൊണ്ടേയിരിക്കുന്നു- കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നു.

TPr.സുബ്രഹ്മണ്യൻ.പി
തിരുവനന്തപുരം

ഇന്ത്യൻ ജനാധിപത്യത്തിന്റെ സൗന്ദര്യം

15-ാം രാഷ്ട്രപതിയായി ദ്രൗപദി മുർമ്മു

ഭാരതത്തിന്റെ 15-ാം രാഷ്ട്രപതി ആയി വൻഭൂരിപക്ഷത്തോടെ ഒഡീഷയിൽ നിന്നുള്ള ആദ്യ ഗോത്രവർഗ്ഗക്കാരി ശ്രീമതി.ദ്രൗപദി മുർമു 2022 ജൂലൈ 25 ന് സ്ഥാമേറ്റു. ഭാരതം 75-ാം സ്വാതന്ത്ര്യ വാർഷികം ആഘോഷിക്കുന്ന വേളയിൽ രാജ്യത്തിന്റെ പരമോന്നത പദവിയിൽ എത്തുന്ന 2-ാമത്തെ വനിതയും, പ്രായം കുറഞ്ഞ രാഷ്ട്രപതിയുമാണ് ദ്രൗപദി മുർമു. ഒഡീഷയിലെ റായിരംഗ്പൂരിലെ ശ്രീ അരബിന്ദോ ഇന്റഗ്രൽ എജ്യൂക്കേഷൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് പ്രൊഫസറായി ജീവിതം ആരംഭിച്ച് ഒഡീഷ സർക്കാരിന്റെ ജലസേചന വകുപ്പിൽ ജൂനിയർ അസിസ്റ്റന്റായി. പിന്നീട് ജാർഖണ്ഡ് ഗവർണർ എന്നീ നിലകളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചയാളാണ് ശ്രീമതി. ദ്രൗപദി മുർമു.

ഉന്നത വിദ്യാഭ്യാസം, മികച്ച നിയമസഭാ സാമാജികത്വം, ഭരണ നിർവ്വഹണത്തിൽ നല്ലപരിചയം, ഭരണഘടനാ പരിജ്ഞാനം , തുടങ്ങി എല്ലാ നിലകളിലും തന്റെ വ്യക്തിമുദ്ര പതിപ്പിച്ചയാളാണ് ദ്രൗപദി മുർമു. രാഷ്ട്രത്തിന്റെ

പരമോന്നത പദവിക്ക് താൻ സർവ്വഥായോഗ്യ തയാണെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. അപ്രാപ്യമായതെല്ലാം പ്രാപ്യമാക്കിയ വ്യക്തിത്വം വാർഡ് കൗൺസിലറായി രാഷ്ട്രീയ ജീവിതം ആരംഭിച്ച് രാഷ്ട്രപതി യായിത്തീർന്ന വ്യക്തിത്വം, വിനയം, പക്വത, ഈശ്വരവിശ്വാസം, ചിട്ടയായ ജീവിതം, സഹജീവികളോടുള്ള സ്നേഹം എല്ലാം അവരുടെ പ്രത്യേകതകളാണ്.

ഒഡീഷയിലെ മയൂർഭഞ്ച് ജില്ലയിലെ ഉപ്ബേഡയിൽ 1958 ജൂൺ 20 ന് ജനനം. ശ്യാം ചരൺമുർമുവായിരുന്നു ഭർത്താവ്. രണ്ടാൺ മക്കളും ഒരു മകളുമായിരുന്നു ഈ ദമ്പതി മാർക്ക്. ഭർത്താവും രണ്ടാൺമക്കളും മരിച്ചു പോയി.

രാഷ്ട്രപതി- ഇന്ത്യൻ കര, നാവിക, വ്യോമ സേനകളുടെ അധിപൻ കൂടിയാണ്. ഭാരതത്തിന്റെ പരമോന്നത പദവിയായ രാഷ്ട്രപതി സ്ഥാനത്തിന്റെ പവിത്രത നിലനിർത്താനും ഭരണഘടനയുടെ അന്തസ്സത്ത പരിപാലിക്കാനും രാജ്യത്തിന്റെ മതേതരത്വം സംരക്ഷിക്കാനും പുതിയ രാഷ്ട്രപതി ശ്രീമതി ദൗപദി മുർമ്മുവിനും സാധിക്കട്ടെ എന്ന് ആശംസിക്കാം.

ജഗദീപ് ധൻകർ

ഭാരതത്തിന്റെ 14-ം ഉപരാഷ്ട്ര പതിയായി എൻ ഡി എ സ്ഥാനാർത്ഥിയായ പ്രമുഖ അഭിഭാഷകനും മുൻ കേന്ദ്രമന്ത്രിയും ബംഗാൾ ഗവർണറുമായിരുന്ന ശ്രീ. ജഗദീപ് ധനർകർ 2022 ആഗസ്റ്റ് 11-ാം തിയതി രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്നും സത്യവാചകം ചൊല്ലിക്കൊണ്ട് സ്ഥാനമേറ്റു.

1951 ൽ രാജസ്ഥാനിലെ കിത്താനാ ഗ്രാമത്തിൽ ജനിച്ച ജഗദീപ് ധൻകർ പ്രഗൽഭനായ ഹൈക്കോടതി - സുപ്രീം കോടതി



ജഗദീപ് ധൻകർ

വക്കിലായിരുന്നു. മികച്ച സാമാജികനും പാർലമെന്റേറിയനുമായിരുന്നു ധൻകർ. ആദ്യം ജനതാദളിലും പിന്നീട് കോൺഗ്രസ്സിലും അതിനുശേഷം 2003 ൽ ഭാരതീയ ജനതാപാർട്ടിയിലും ചേർന്ന് പ്രവർത്തിച്ചു. 2019 ൽ വെസ്റ്റ് ബംഗാൾ ഗവർണറായി അദ്ദേഹത്തെ അവരോധിച്ചു.

ഉപരാഷ്ട്രപതി രാജ്യസഭയുടെ അദ്ധ്യക്ഷൻ കൂടിയാണ്. മുതിർന്ന അഭിഭാഷകനായിരുന്ന ധൻകർ, പ്രഗൽഭ ഭരണഘടനാ വിദഗ്ദ്ധൻ കൂടിയാണ്. ഇന്ത്യൻ ഭരണഘടനയുടെ അന്തസ്സത്ത നിലനിർത്താനും രാജ്യത്തിന്റെ മതേതരത്വം സംരക്ഷിക്കാനും പുതിയ ഉപരാഷ്ട്രപതി ജഗദീപ് ധൻകറിനും സാധിക്കട്ടെ എന്ന് ആശംസിക്കാം.

ജിഎസ്ടിയിലെ അപ്രായോഗിക നിബന്ധനകൾ ഒഴിവാക്കണം

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി

ജിഎസ്ടിയിലെ അപ്രായോഗിക നിബന്ധനകൾ ഒഴിവാക്കുക. പ്ലാസ്റ്റിക് നിരോധനത്തിലെ അപാതകൾ പരിഹരിക്കുക, വൈദ്യുതി നിരക്കു വർധന പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ഭാരവാഹികൾ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. പ്രസിഡന്റ് രാജു അപ്സരയുടെ നേതൃത്വത്തിലുള്ള സംഘം മന്ത്രിമാരായ കെ എൻ ബാലഗോപാൽ, എം. വി ഗോവിന്ദൻ എന്നിവരെയും കണ്ടു.

സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിൽ 2005 ന് ശേഷമുള്ള കേരള പൊതുവില്പന നികുതി നിയമപ്രകാരം അടയ്ക്കേണ്ടുന്ന നികുതിക്ക് 18% നിരക്കിൽ പലിശ നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കണം. നിയമങ്ങൾ, ചട്ടങ്ങൾ, ഫോമുകൾ, റിട്ടേണുകൾ, നികുതി നിരക്കുകൾ, ജിഎസ്ടി പോർട്ടൽ എന്നിവയിൽ അടിയ്ക്കടിയുണ്ടാകുന്ന മാറ്റങ്ങൾ അവസാനിപ്പിക്കണം. ഇത്തരം മാറ്റങ്ങൾ അറിയാതെ റിട്ടേൺ സമർപ്പിക്കുന്ന വ്യാപാരികൾക്ക് ഭീമമായ തുക പിഴയായി ചുമത്തുകയാണ്. അരി ഉൾപ്പെടെ ഭക്ഷ്യവസ്തുക്കൾക്ക് പുതുതായി ഏർപ്പെടുത്തിയ ജി എസ് ടി പിൻവലിക്കണം.

പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാനും പായ്ക്ക് ചെയ്യാൻ അവ ഉപയോഗിക്കാനും, കോർപ്പറേറ്റുകൾക്കും, ബ്രാൻഡഡ് കമ്പനികൾക്കും അനുവാദം നൽകുകയും, പാവപ്പെട്ട ചെറുകിട വ്യാപാരികൾക്കു മേൽ മാത്രം നിരോധനവും, പിഴയും അടിച്ചേൽപ്പിക്കുകയുമാണ്.

പ്ലാസ്റ്റിക് നിരോധനത്തിൽ സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ഉൽപ്പാദന സ്ഥലത്തു തന്നെ നിരോധിക്കുവാൻ നടപടി സ്വീകരിക്കണം. വ്യാപാരി ക്ഷേമനിധി പെൻഷൻ വെട്ടിക്കുറച്ച നടപടി അടിയന്തിരമായി പിൻവലിക്കണം. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പി. കുഞ്ഞാവു ഹാജി, ജനറൽ സെക്രട്ടറി ദേവസ്യ മേച്ചേരി, ട്രഷറർ തോമസുകുട്ടി എന്നിവരും നിവേദക സംഘത്തിൽ ഉണ്ടായിരുന്നു.

ആസാദ് സാഹിബ്
നാം സ്വതന്ത്രരായിരിക്കുന്നു....

കെ.മോഹനൻ

ലോകം ഗാഢനിദ്രയിലാണ്ടിരിക്കുന്ന ഈപാതിരാവിൽ ഇന്ത്യ പുതു ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരുകയാണ്. അടിച്ചമർത്തപ്പെട്ട ഒരു രാഷ്ട്രം അതിന്റെ ശബ്ദം കണ്ടെത്തുകയാണ് ഇവിടെ. ഒരു കെട്ടകാലം പോയ് മറഞ്ഞിരിക്കുന്നു. ഇനി എല്ലാവർക്കും ജീവിക്കാൻ കഴിയുന്ന ഒരിന്ത്യയെ നാം നിർമിച്ചെടുക്കും.

1947 ആഗസ്റ്റ് 14 ന് അർദ്ധരാത്രി ദില്ലിയിൽ മുഴങ്ങിയത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വിശ്വവിഖ്യാതമായ അമൃതവാണി.

പുറത്ത് ജനസാഗരം ഒന്നിളകി. മേഘഗർജനം പോലെ ഭേരി മുഴങ്ങി. അപ്പോൾ മഴ പെയ്യുകയായിരുന്നു.

പിന്നെ ഒരാഴ്ചക്കാലം ഒരു ജനതയാകെ ഉത്സവലഹരിയിലേക്കു കൂപ്പുകുത്തി.

ദീപാലംകൃതമായ ദില്ലിയിലേക്ക് ജനലക്ഷങ്ങൾ എത്തിക്കൊണ്ടിരുന്നു. കുതിരപ്പുറത്തും, കഴുതപ്പുറത്തും, സൈക്കിളുകളിലും നടന്നും ഓടിയുമൊക്കെ ഏതാണ്ട് പത്തുലക്ഷത്തോളം പേർ.

അവർ പരസ്പരം കെട്ടിപ്പിടിച്ചു. ആശംസകൾ കൈമാറി.

“ആസാദ് സാഹിബ്, നാം സ്വതന്ത്രരായിരിക്കുന്നു’’.

പാമ്പാട്ടികളും, ഇന്ദ്രജാലക്കാരും, നൃത്തം ചവിട്ടുന്ന കരടികളുമൊക്കെ പരമാനന്ദത്തിന്റെ ആ മുഹൂർത്തങ്ങളെ കൊഴുപ്പിച്ചു. ജാതിയും മതവും വേഷവും ഭേദചിന്തകളും വെടിഞ്ഞ് ഒരൊറ്റ

ജനതയാവുകയായിരുന്നു. ആ ആഘോഷദിനങ്ങളിൽ. തെരുവുകളിലും ഗസ്റ്റു ഹൗസുകളിലും, വീടുകളിലും, ഹോട്ടലുകളിലുമൊക്കെ ആഘോഷം പൊടിപൊടിച്ചു.

നാലണക്ക് ഒരു കുതിരയെ വാടകയ്ക്കെടുത്താണ് രഞ്ജിത്ത്പാൽ ദില്ലിയിലെത്തിയത്. ചുറ്റും കൂടിയവരോട് അദ്ദേഹം പറഞ്ഞു. ബ്രിട്ടീഷുകാർ പോകുകയാണ്. നെഹ്റു പുതിയ കൊടി ഉയർത്തുന്നുണ്ട്. നാം സ്വതന്ത്രരാകുന്നു.

ആഘോഷവേദിയിൽ വിദേശികൾക്കായി സജ്ജീകരിച്ച പന്തലിലെത്തിയ ഒരു ഗ്രാമീണൻ ചോദിച്ചു.



എന്റെ ക്ഷണക്കത്തെവിടെ? ക്ഷണക്കത്തോ? പിന്നെ അദ്ദേഹം സ്വയം പറഞ്ഞു; എനിക്കെന്തിനാണ് ക്ഷണക്കത്ത്. കിട്ടിയ സ്വാതന്ത്ര്യം

തന്നെ ധാരാളം!

കൽക്കട്ടാനഗരം കമ്പക്കെട്ടുകൾ കൊണ്ടു മുഖരിതമായി ട്രാമുകളും മറ്റു വാഹനങ്ങളും സൗജന്യമായി സവാരി നടത്തി. ബ്രിട്ടീഷ് ചിഹ്നങ്ങളെല്ലാം മണിക്കൂറുകൾക്കുള്ളിൽ നീക്കം ചെയ്യപ്പെട്ടിരുന്നു. പ്രവേശനം നിഷേധിച്ചിരുന്ന ഗവർണറുടെ കൊട്ടാരത്തിലേക്ക് ജനം ഇടിച്ചു കയറി. കൊട്ടാരവളപ്പിൽ അവർ ഓടി നടന്നു. രാജ്ഞിയുടെ കട്ടിലിൽ കുത്തി മറിഞ്ഞു. ഛായാചിത്രങ്ങളെയാകെ കുത്തിക്കീറി.

മേം സാബുമാർ മാത്രം വിഹരിച്ചിരുന്ന കൽക്കട്ടയിലെ ഫിർപ്പോ ലാഹോറിലെ ഫാലറ്റി, ബോംബേയിലെ താജ്ഹോട്ടൽ എന്നിവ ആക്രമിക്കപ്പെട്ടു.

ആഗസ്റ്റ് 14. ആ സായം സന്ധ്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തകർച്ചയുടെ അവസാന പ്രതീകമായി ബ്രിട്ടീഷ് പതാകകൾ ഊർന്നു വീണു.

ബലിയാഘട്ടിലെ മഹാത്മാവ്

യാചകരും കുഷ്ഠരോഗികളും തിങ്ങിപ്പാർക്കുന്ന ചെളിയും, മലവും ഈച്ചകളും നിറഞ്ഞ കൽക്കട്ടയിലെ ബലിയാഘട്ട് എന്ന ചേരിയിലുള്ള ജീർണ്ണിച്ച ഹൈദരി ഹൗസിലേയ്ക്കാണ് പൊട്ടിപ്പൊളിഞ്ഞ ഒരു കാറിൽ ഗാന്ധിജി എത്തിയത്. സ്വാതന്ത്ര്യത്തിനു 36 മണിക്കൂർ മുമ്പ്.

പ്രാർത്ഥനാ യോഗത്തിൽ ഗാന്ധിജി ഹൃദയം തുറന്നു. നാളെ സന്തോഷത്തിന്റെ ദിനമാണ്. ഒപ്പം ദു:ഖത്തിന്റെയും. സന്തോഷിക്കുന്നവരുടെ കൂട്ടത്തിൽ ഞാനില്ല.

അഹിംസയുടെ ആ പ്രവാചകൻ ഖിന്നനായിരുന്നു. "ഞാൻ ഇരുട്ടിൽ തപ്പുകയാണ്. ഈ രാജ്യത്തെ ഞാൻ വഴിതെറ്റിച്ചുവോ?'' അദ്ദേഹം സുഹൃത്തിനെഴുതി.

ആഗസ്റ്റ് 15. പതിവ് തെറ്റിച്ച് പുലർച്ചെ രണ്ടു മണിക്കു തന്നെ ഹൈദരി ഹൗസിൽ മെഴുകുതിരി തെളിഞ്ഞു. കയറ്റു കട്ടിലിൽ ചമ്രം പടിഞ്ഞിരുന്ന് മഹാത്മാവ് ആ ഗീതാശ്ലോകം കേട്ടു.

"ധർമ്മക്ഷേത്രേ കുരുക്ഷേത്രേ
സമവേതാ യുയുൽസവ:
മാമക: പാണ്ഡവാ ശ്ചൈവ
കിമകൂർവത സഞ്ജയ"

"സഞ്ജയാ പറയുക, യുദ്ധ സമേതരായ പാണ്ഡവ- കൗരവാദികൾ ഇപ്പോൾ എന്തു ചെയ്യുകയാണ്.

പ്രാർത്ഥനകളും ചർക്കയും കൊണ്ട് ഇന്ദ്രജാലം തീർത്ത ഗാന്ധിജിയെ കാണാൻ ജനക്കൂട്ടങ്ങൾ എത്തിക്കൊണ്ടിരുന്നു. ജനങ്ങളോടുള്ള അദ്ദേഹത്തിന്റെ അഭ്യർത്ഥന ഇതായിരുന്നു: "അധികാരത്തെ സൂക്ഷിക്കുക. അധികാരം അഴിമതിയെ വളർത്തും അതിന്റെ ഭ്രമത്തിൽ നിന്നും മാറി നിൽക്കുക. ദരിദ്രമായ ഗ്രാമങ്ങളെ രക്ഷിക്കുകയാണ് നിങ്ങളുടെ ദൗത്യമെന്നു

എപ്പോഴും ഓർക്കുക".

ഇന്ത്യൻ സംസ്കൃതിയുടെ പ്രത്യക്ഷങ്ങളിലൊന്നായ കാശിയിലെ ഗംഗാപുളിനങ്ങളിലേക്കു കൃതജ്ഞാ ഭരിതമായി ജനങ്ങൾ ഒഴുകി എത്തി. പൂച്ചെണ്ടുകളും കർപ്പൂര ആരതികളും അവർ ഗംഗാ മാതാവിന് അർപ്പിച്ചു. കാശി വിശ്വനാഥന് കൂവളവും റോസാദളങ്ങളും അർപ്പിച്ച് രാഷ്ട്രത്തിന്റെ പുനർജന്മത്തിന് അവർ നന്ദി പ്രകാശിപ്പിച്ചു. രാജ്യത്തെ എല്ലാ ദേവാലയങ്ങളും പ്രാർത്ഥനാലയങ്ങളും ആഘോഷങ്ങളിൽ മുഴുകി.

ഒരിക്കൽ സമരത്തിൽ തിളച്ച കാൺപൂരിൽ നാട്ടുകാരും വെള്ളക്കാരും സംയുക്തമായി ആഘോഷം നടത്തി. അഹമ്മദാബാദിൽ പതാക ഉയർത്തിയത് ഒരു അദ്ധ്യാപകനായിരുന്നു. ഇതേ പ്രവൃത്തിക്ക് 1942 ൽ അറസ്റ്റിലായ ആൾ.

കൈബർ ചുരത്തിൽ പത്താൻകാർ ആകാശത്ത് വെടിവച്ച് സ്വാതന്ത്ര്യം ആഘോഷിച്ചു. "കൈബർ പാസ് ഇനി ഞങ്ങൾക്കു മാത്രം."

കൈബർ റൈഫിൾസിന്റെ അടുക്കളയിൽ അവർക്കായി പൊരിച്ച ആടുകൾ വെന്തു കിടന്നു, ബോംബേയിൽ ഭേദ ചിന്തകളില്ലാതെ ജനങ്ങൾ ഒത്തു കൂടി.

പൂനയിൽ പാറിയത് വിഭിന്നമായ വിചാരധാരയുടെ പതാകയായിരുന്നു. ആഘോഷത്തെക്കുറിച്ചും വിഭിന്നമായ നിലപാടാണവർ പുലർത്തിയത്. രാജ്യത്തിന് വേണ്ടി ബലിദാനിയാകാനുള്ള ധ്വജപ്രണാമത്തിൽ രോഷാകുലനായ ഒരു യുവാവ് ഉണ്ടായിരുന്നു. നാഥുറാം വിനായക്ക് ഗോഡ്സെ.

വിപൽ സൂചനകൾ

ലാഹോറിൽ നടക്കുന്ന അക്രമങ്ങൾ ഏല്പിച്ച മനോവേദനയുമായാണ് നെഹ്റു അധികാരം ഏറ്റെടുക്കാൻ പുറപ്പെട്ടത്.

കാതടിപ്പിക്കുന്ന ഹുംകാരങ്ങളും ശംഖുധ്വനികളും ഇരുപ്പു മുറിയിലിരുന്നു കേട്ട വി.പി. മേനോൻ ഞെട്ടലോടെ ഓർത്തു. നമ്മുടെ പേടിസ്വപ്നങ്ങൾക്ക് തുടക്കമായിരിക്കുന്നു.

ആഗസ്റ്റ് 15 വൈകുന്നേരം അമൃത്സറിലെത്തിയ ഡൗൺ ടൗൺ എക്സ്പ്രസ്സ് തീവണ്ടിയിൽ നിറയെ ശവശരീരങ്ങളായിരുന്നു. കശാപ്പുകാരന്റെ സന്ദേശം ഇങ്ങനെ 'നെഹ്റുവിനും പട്ടേലിനുമുള്ള' സ്വാതന്ത്ര്യദിന സമ്മാനം. ഈ ഹീന കൃത്യത്തിനും അനുരണനമുണ്ടായി.

ഓരോ പ്രദേശത്തും ആളെണ്ണം കൂടുതലുള്ളവർ ഇതര സമുദായങ്ങൾക്കു മേൽ താണ്ഡവമാടി കൊലയും കൊള്ളയും ക്രൂരതകളും നടത്തുന്നതിന് വിവിധ വിഭാഗങ്ങളിലെ അക്രമിസംഘങ്ങൾ

മൽസരിക്കുകയായിരുന്നു. കിട്ടിയ അവസരങ്ങൾ പൂർണമായും അവർ മുതലാക്കി. പഴയ ദില്ലിയിൽ തീവ്രവാദ ചുവയുള്ള സന്ദേശവും കാതോട് കാതോരം പ്രചരിച്ചു: ദൈവം അനുവദിച്ചാൽ ഇവിടെ നാം ഭരിക്കും.

പഞ്ചാബിൽ സ്വാതന്ത്ര്യദിനാഘോഷം പൊടിപൊടിക്കുമ്പോൾ തന്നെയാണ് ക്രൂരമായ കശാപ്പുകളും നടന്നത്.

ലാഹോറിലെ അഭിഭാഷകനായ കുശ്വന്ത് സിംഗിന് സ്വാതന്ത്ര്യം ഒരു ദുരന്തമായാണ് തോന്നിയത്. ജിന്നയുടെ മകൾക്ക് ഒരു കൺഫ്യൂ

ഷനും.

ജന്മനാടോ പിതാവിന്റെ നാടോ?

എല്ലാ ആനുകൂല്യങ്ങളും ഒറ്റയടിക്ക് നഷ്ടപ്പെട്ട നാട്ടുരാജാക്കൻമാരും ദു:ഖിതരായിരുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യം വിളംബരം ചെയ്യാൻ മുതിർന്ന ക്ലമന്റ് ആറ്റ്ലിയെ തടഞ്ഞത് മുൻ സെക്രട്ടറി അബേൽ, സംഗതി നയതന്ത്രവും ഉരുണ്ടു കൂടുന്ന ആശങ്കകളും.

റാഡി ക്ലിഫ് ഇന്ത്യൻ ഭൂപടത്തിൽ കോറിയിട്ട പെൻസിൽ വരകളിൽ അതിരുകൾ കത്തിയെരിഞ്ഞു. അതു പറഞ്ഞാലൊടുങ്ങാത്ത ദുരന്തങ്ങളിലേക്കാണ് ഒരു ജനതയെ കൊണ്ടു ചെന്നത്തിച്ചത്. റാഡിക്ലിഫിന് മറ്റുപോം വഴികളൊന്നുമില്ലായിരുന്നു. എല്ലാ പഴികളും ഏറ്റുവാങ്ങിയും കത്തുന്ന അതിരുകൾ ബാക്കിയാക്കിയും ഡൽഹിയിൽ നിന്നും വാങ്ങിയ പരവതാനിയുമായി വിമാന ജനാലയ്ക്കരികിലിരുന്ന് താൻ നിർമിച്ചെടുത്ത രണ്ടു സ്വത്വങ്ങളെ അദ്ദേഹം അവസാനമായി പാളി നോക്കി. ഈ ജോലിക്ക് ലഭിച്ച 2000 പവൻ അദ്ദേഹം അവജ്ഞയോടെ നിരാകരിച്ചു.



സ്വാതന്ത്ര്യത്തിനു ഒരു ജനത നൽകേണ്ടി വന്ന വില കനത്തതായിരുന്നു. മനുഷ്യ ചരിത്രത്തിലെ ഏറ്റവും വലിയ കുടിയേറ്റത്തിനു വിഭജനം വഴിതെളിച്ചു. രണ്ടു കോടി ജനങ്ങളാണ് അതിർത്തികൾ കടന്നത്. സംഘടിതമായ കൊലയും, കൊള്ളിവയ്പ്പും, കവർച്ചയും, മതംമാറ്റങ്ങളും, സ്ത്രീകൾക്കു നേരെയുള്ള വ്യാപകമായ ലൈംഗികാതിക്രമങ്ങളും, യാതനകളും, വേദനകളും മുറിവുകളുമായാണ് സ്വാതന്ത്ര്യത്തിലേയ്ക്ക് നാം ഉണർന്നെണീറ്റത്.



പെൺകുട്ടികളെ വ്യാപകമായി തട്ടികൊണ്ടു പോയി മതം മാറ്റം നടത്തി. ഒപ്പം നിർബന്ധിത വിവാഹങ്ങളും. ആയിരവും രണ്ടായിരവും പേർക്ക് അവർ വില്ക്കപ്പെട്ടു. ഇതിനായി വിപണികൾ പോലും പല ഇടങ്ങളിലും ഉയർന്നു വന്നു. ലൈംഗികാതിക്രമത്തിന്റെ പരകോടിയിലേക്ക് സംഗതികൾ മാറിമറിഞ്ഞു.

സ്ഥാനക്കയറ്റങ്ങളും പുതിയ അവസരങ്ങളും മോഹിച്ച ഒരു വിഭാഗം സർക്കാർ ഉദ്യോഗസ്ഥരും, വ്യാപാരത്തിന്റെ പുത്തൻ സാധ്യതകൾ തിരിച്ചറിഞ്ഞ ഒരു വിഭാഗം ബിസിനസുകാരും മതങ്ങളെ കടും നിറങ്ങളിൽ ചാലിച്ച് പൊലിപ്പിച്ചെടുത്തതാണ് വിഭജനമെന്ന് പ്രമുഖ ചരിത്രകാരനായ അസ്ഗർ അലി എൻജിനീയർ നിരീക്ഷിക്കുന്നുണ്ട്. മതം ഒരു വൈകാരികത മാത്രമാണെന്ന് ബംഗാളാദേശിന്റെ പിറവിയും വർത്തമാനകാല സാർവ്വദേശീയ സമാചാരങ്ങളും നമ്മെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

ഈ ദുരിതഗാഥയിൽ തെളിയുന്ന ഒരു മുഖവുമുണ്ട്. റഹ്മത് അലി. ലണ്ടനിൽ 1933 ൽ സ്വന്തം ചെലവിൽ ഡിന്നർ ഒരുക്കി ജിന്നയ്ക്കു മുന്നിൽ പുതുരാഷ്ട്രമെന്ന ആശയം അവതരിപ്പിച്ച വിദ്യാർത്ഥി. ഒരിക്കലും നടക്കാത്ത സ്വപ്നമെന്നു അന്നു മറുപടി കൊടുത്ത ജിന്ന ഒടുവിൽ ആ യഥാർത്ഥ്യത്തിന്റെ

നേരവകാശിയായി. അലി പാക്കിസ്ഥാനിൽ ഒരിക്കലും ആഘോഷിക്കപ്പെട്ടില്ല. ലണ്ടനിലെ ഏതോ കോണിൽ അദ്ദേഹം ഒടുങ്ങുകയായിരുന്നു.

രാഷ്ട്രത്തിന്റെ ഭാഗധേയം നിർണയിച്ചതു ഗാന്ധിജിയായിരുന്നില്ല, ജിന്നയായിരുന്നു. ഗാന്ധിജിയുടെ നാട്ടുകാരൻ. ഗാന്ധിജിയെപോലെ ലണ്ടനിൽ നിയമം പഠിച്ചു. വിജയശ്രീ ലാളിതനായ വക്കീലും രാഷ്ട്ര തന്ത്രജ്ഞനുമായി. അദ്ദേഹത്തിന്റെ മുത്തച്ഛനാണ് മതം മാറിയത്. മതവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം മാതാപിതാക്കൾ വിശ്വാസികളായിരുന്നു എന്നത് മാത്രമായിരുന്നു. എല്ലാ മാംസവിഭവങ്ങളും എല്ലാവിധ പാനീയങ്ങളും അദ്ദേഹത്തിനു പഥ്യമായിരുന്നു. ചിട്ടകളുടെയും അച്ചടക്കത്തിന്റെയും മാതൃകയായിരുന്നു അദ്ദേഹം. ബോംബെയിലെ ചൂടിനിടയിലും ഉടയാത്ത കോട്ടും സ്യൂട്ടും ധരിച്ചു. രാജാവ് നീണാൾ വാഴട്ടെ എന്ന ബാൻഡ് സംഗീതത്തോടെയാണ് രഥത്തിൽ നഗരങ്ങളിലെ സ്വീകരണങ്ങളിൽ അദ്ദേഹം പങ്കെടുത്തിരുന്നത്. സാധാ ജയിലുകളിൽ എടുത്തെറിയാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ഗാന്ധിജി അദ്ദേഹത്തിന് സൂത്രശാലിയായ കുറുക്കനായിരുന്നു. മതമൈത്രിയുടെ പ്രഘോഷകനായി കടന്നു വന്ന ജിന്ന ഗാന്ധിജിയുടെ വരവോടെ കോൺഗ്രസ്സിൽ നിന്നകുന്നു. 1937 ൽ കോൺഗ്രസ്സ് നയിച്ച പ്രവിശ്യ സർക്കാരുകളിൽ നിന്നും താഴയപ്പെട്ടത് വ്യക്തിപരമായ അവഹേളനമായി അദ്ദേഹത്തിനു തോന്നി. പിന്നെ റഹമത്ത് അലിയിലേക്കുള്ള പരകായ പ്രവേശമായി. ഗാന്ധിജിക്കു അറിയാവുന്നത്ര മതവചനങ്ങൾ പോലും ജിന്നയ്ക്കറിയില്ലായിരുന്നു, ഉറുദുവും കമ്മി. എങ്കിലും ഒരു വിഭാഗത്തിന്റെ ആരാധ്യനായി. ഏതു നിമിഷവും തളർന്നു വീഴാവുന്ന ഒരു രോഗിയാണ് വിവരം അദ്ദേഹത്തിനും ബോംബേയിലെ ഡോ. പട്ടേലിനും, സഹോദരി ഫാത്തിമയ്ക്കും മാത്രമാണ് അറിയാമായിരുന്നത്. ചരിത്രത്തിലെ ഒരു സമസ്യയാണിത്.

അമ്പരപ്പിക്കുന്ന ആത്മവിശ്വാസത്തോടും അർപ്പണത്തോടുമായിരുന്നു തന്റെ ശരികളിലേക്കു അദ്ദേഹം നീങ്ങിയത്. രഹസ്യമായി നൽകുന്ന കുത്തിവെയ്പും, ബ്രാൻഡിയും, സിഗരറ്റുമാണ് അദ്ദേഹത്തെ നിലനിർത്തിയിരുന്നത്. പാർട്ടിയിൽ അനുയായികളെ മാത്രമാണ് ജിന്ന

വാഴിച്ചത്. ആരെയും വളർത്തിയില്ല. തന്റെ രാഷ്ട്ര സങ്കല്പങ്ങൾ പൂർത്തിയാകാതെ 1948 സെപ്റ്റംബർ 11 ന് ജിന്ന അന്തരിച്ചു. പിന്നീട് രാഷ്ട്രത്തിന്റെ ഗതി നിയന്ത്രിച്ചത് മത മൗലികതാവാദികളും, പട്ടാളവുമായിരുന്നു. വൈകി നിലവിൽ വന്ന ഭരണഘടന പലവുരു മരവിപ്പിച്ചു, തിരുത്തിയെഴുതി. പിന്നീട് അസ്ഥിരതയും ഇന്ത്യാവിരുദ്ധതയും അടയാള വാക്യങ്ങളായി മാറുകയായിരുന്നു. ആ വൈകാരികതയിലും, ഭ്രമങ്ങളിലും പിറന്ന പുതിയ ഭൂമികയിൽ അതെ വികാരങ്ങൾ തന്നെയാണ് ഇന്നും അവിടെ കാണാൻ കഴിയുന്നത്. ഒരു ഗുമസ്തനും ഒരു ടൈപ്പ്റൈറ്ററും കൊണ്ടു ഒരു പുതിയ രാഷ്ട്രം സൃഷ്ടിച്ചു എന്നു നിരന്തരം വീമ്പുപറഞ്ഞ ജിന്നയുടെ രാഷ്ട്രം ഇന്നും അത്തരം വീമ്പു പറച്ചിലിൽ തന്നെയാണ് അഭിരമിക്കുന്നതും.

മതേതരത്വം, ജനാധിപത്യം, സോഷ്യലിസം എന്നിവ മുഖമുദ്രയായി സ്വീകരിച്ച് ജനാധിപത്യ റിപ്പബ്ലിക്കായി സ്വാതന്ത്ര്യം നേടിയ ഇന്ത്യ മതനിരപേക്ഷതയും സാർവ്വദേശീയതയും മുറുകെ പിടിച്ച് കഴിഞ്ഞ 75 വർഷം നടത്തിയ ജൈത്രയാത്രയിൽ മഹാത്മാഗാന്ധിയും, ജവഹർലാൽ നെഹ്റുവും, സർദാർ വല്ലഭായി പട്ടേലും ദീർഘവീക്ഷണത്തോടെ നടപ്പാക്കിയ ധാർമ്മിക മൂല്യങ്ങളുടെ നിതാന്തമായ പിന്തുടർച്ചയാൽ നേടിയ കരുത്തും ലോക രാഷ്ട്രീയ ഭൂമികയിൽ ഇന്ത്യയുടെ അനിഷേദ്ധ്യ മേധാവിത്വത്തെ അടിവരയിടുന്നു.

പുസ്തക സൂചിക

Freedom at Midnight - Larry Collins & Lappierre
A Train to Pakistan - Kushwant Singh
Modern India - Bipan Chandra

സ്വർണ്ണത്തിന് ഇ-വേ ബിൽ!

രണ്ടു ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള സ്വർണ്ണം, രത്നക്കല്ലുകൾ എന്നിവ വാണിജ്യ ആവശ്യത്തിന് സംസ്ഥാനങ്ങൾക്കുള്ളിൽ കൊണ്ടു പോകുന്നതിന് ഇ-വേ ബിൽ നിർബ്ബന്ധമാക്കി. രണ്ടു ലക്ഷം രൂപ എന്ന പരിധി ആവശ്യമെങ്കിൽ സംസ്ഥാനങ്ങൾക്ക് മാറ്റി നിശ്ചയിക്കാനും അനുവാദം നൽകിയിട്ടുണ്ട്. കേരള ധനമന്ത്രി കെ. എൻ ബാലഗോപാൽ അംഗവും, എസ് ആർ ബൊമ്മെ അദ്ധ്യക്ഷനുമായ ഉപസമിതിയുടെ ശുപാർശയാണ് 47 -ാം ജി എസ് ടി കൗൺസിൽ അംഗീകരിച്ചത്. ചരക്കു നീക്കത്തിന്റെ രേഖകൾ കൃത്യമായി ലഭ്യമാകുന്നത് നികുതി പിരിവ് വർധിക്കാൻ സഹായകരമാകുമെന്നാണ് കൗൺസിൽ വിലയിരുത്തൽ. വാണിജ്യയാവശ്യത്തിനായി കൊണ്ടുപോകുന്ന രണ്ടുലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്വർണ്ണത്തിന് ഇ-വേ ബിൽ നിർബ്ബന്ധമാക്കിയത് പ്രായോഗികമായി വളരെ ബുദ്ധിമുട്ടുണ്ടാക്കുമെന്നും, ആശങ്കകളേറെയെന്നും സ്വർണ്ണവ്യാപാരികൾ പറയുന്നു.

1. 50,000 രൂപയ്ക്കു മുകളിൽ വില വരുന്ന നികുതി ബാധകമായ സാധനങ്ങൾക്ക് ഇ- വേ ബിൽ ഏർപ്പെടുത്തിയപ്പോൾ സ്വർണ്ണത്തെ ഒഴിവാക്കിയത് സുരക്ഷാ കാരണങ്ങൾ ചൂണ്ടിക്കാട്ടിയായിരുന്നു. ആ സുരക്ഷാ പ്രശ്നങ്ങൾ ഇപ്പോഴും നില നിൽക്കുന്നു.

2. സ്വർണ്ണം കൊണ്ടുപോകുന്ന വ്യക്തിയുടെ, സ്ഥാപനത്തിന്റെ പേര്, സ്വർണ്ണത്തിന്റെ തൂക്കം, വില, വാഹനത്തിന്റെ വിവരങ്ങൾ, പുറപ്പെടുന്ന സ്ഥലം, എത്തിച്ചേരുന്ന സ്ഥലം തുടങ്ങി എല്ലാ വിവരങ്ങളും ഇ-വേ ബില്ലിൽ നൽകുന്നതോടെ മോഷണ സാദ്ധ്യതകൾ കൂടുന്നു. ഇത് സ്വർണ്ണം കൊണ്ടു പോകുന്നവരുടെ ജീവനുവരെ ഭീഷണിയായേക്കാം.

3.സ്വർണ്ണാഭരണ നിർമ്മാണത്തിന്റെ ഭാഗമായി സ്വർണ്ണക്കട്ടികൾ മൂന്നോ നാലോ ഫാക്ടറികളിലേക്ക് കൊണ്ടു പോകേണ്ടതുണ്ട്. ഓരോ ഘട്ടത്തിലും വെവ്വേറെ ഇ- വേ ബില്ലുകൾ എടുക്കേണ്ടതായി വരും. ഇത് ആഭരണ നിർമ്മാണ വ്യാപാര മേഖലയുടെ

സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കും.

ഈ സാഹചര്യത്തിൽ സ്വർണ്ണത്തിന് ഇ-വേ ബിൽ ഏർപ്പെടുത്താനുള്ള നീക്കത്തിനെതിരെ ശക്തമായ സമരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരുമെന്ന് ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റ്സ് അസോസിയോഷൻ പറഞ്ഞു. 60 ശതമാനത്തിലധികം വരുന്ന ചെറുകിട സ്വർണ്ണ വ്യാപാരികൾക്ക് ഇ-വേ ബിൽ നടപ്പാക്കാനുമാകില്ല. ഇത് സംബന്ധിച്ചു ജിഎസ്ടി വകുപ്പിന്റെ അഭിപ്രായം ഇങ്ങനെയാണ്.

1. സ്വർണ്ണവും, വിലകൂടിയ രത്നങ്ങളും പോകുന്ന വഴികൾ കൃത്യമായി നിരീക്ഷിക്കാൻ കഴിയുന്നത് മേഖലയെ കൂടുതൽ സുതാര്യമാക്കും.
2. നികുതി പിരിവ് കൂടുതൽ സുഗമമാക്കാനും, നികുതി വെട്ടിപ്പ് തടയാനും ഇ-വേ ബിൽ വഴി ലഭിക്കുന്ന ഡിജിറ്റൽ രേഖകൾ സഹായിക്കും.
3. സ്വർണ്ണത്തിന്റേയോ, കൊണ്ടുപോകുന്ന ആളുകളുടേയോ, സ്ഥലത്തിന്റേയോ, വാഹനത്തിന്റേയോ വിവരങ്ങൾ പൊതു ഡൊമൈനിൽ ലഭ്യമാകില്ല. ഉദ്യോഗസ്ഥർക്കു മാത്രമാണ് ഇവ അറിയാൻ കഴിയുന്നത്. അതിനാൽ സുരക്ഷാ പ്രശ്നങ്ങളുണ്ടാകാനുള്ള സാദ്ധ്യതകൾ ഇല്ല.
4. വാണിജ്യാവശ്യത്തിനു കൊണ്ടു പോകുന്ന സ്വർണ്ണത്തിനാണ് ഇ- വേ ബിൽ ബാധകം. അതിനാൽ ഉപയോക്താക്കൾക്ക് പ്രശ്നമുണ്ടാകില്ല.

അതേസമയം സ്വർണ്ണം പണയം വയ്ക്കാനോ, മറ്റ് ആവശ്യങ്ങൾക്കോ കൊണ്ടുപോകുമ്പോൾ പർച്ചേസ് ബിൽ പോലുള്ള രേഖകൾ ഉണ്ടായിരിക്കുന്നത് സുരക്ഷിതമായിരിക്കുമെന്നും ഉദ്യോഗസ്ഥർ പറയുന്നു

ജിഎസ്ടി വരുമാനത്തിൽ 29% വർധന

സംസ്ഥാനത്തിന്റെ ജി എസ്ടി വരുമാനത്തിൽ 29% വർധനയുണ്ടായി കഴിഞ്ഞ വർഷം ജൂലൈ മാസത്തെ 1,675 കോടിയായിരുന്ന ജി എസ് ടി വരുമാനം ഈ വർഷം ജൂലൈയിൽ 2,161 കോടിയായി വർധിച്ചു. ജി എസ് ടി നഷ്ടപരിഹാരം കേന്ദ്ര സർക്കാർ നിർത്തലാക്കിയ ശേഷം നികുതി വരുമാനം വർധിക്കുന്നത് നല്ല സൂചനയായി കാണാമെങ്കിലും പ്രതീക്ഷിത ലക്ഷ്യത്തിലേക്ക് എത്താനായിട്ടില്ല. ഓരോ വർഷവും 14% നികുതി വരുമാന വർധനവാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേക്ക് എത്തണമെങ്കിൽ കഴിഞ്ഞ മാസം 1300 കോടിയോളം രൂപ കൂടി ലഭിക്കേണ്ടതായിട്ടുണ്ട്. നഷ്ടപരിഹാര പാക്കേജ് തുടർന്നിരുന്നെങ്കിൽ ഇത്രയും തുക സംസ്ഥാന സർക്കാരിന് കേന്ദ്രത്തിൽ നിന്നും ലഭിക്കുമായിരുന്നു.

നഷ്ടപരിഹാര പാക്കേജ് കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ ജി എസ് ടി വരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സംസ്ഥാന ജി എസ് ടി വകുപ്പ് ആവിഷ്കരിച്ചു കഴിഞ്ഞു. ജി എസ് ടി ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 41 ഇന്റലിജൻസ് യൂണിറ്റുകളും 47 എൻഫോഴ്സ്മെന്റ് യൂണിറ്റുകളും നികുതി ചോർച്ച തടഞ്ഞ് വരുമാനം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് സംസ്ഥാന വ്യാപകമായി പ്രവർത്തിക്കും.

ഇ- ഇൻവോയ്സ് പരിധി ഒക്ടോബർ 1 മുതൽ 10 കോടി

500 കോടിയിൽ നിന്ന് 10 കോടിയായത് രണ്ടു വർഷത്തിനുള്ളിൽ

ചരക്കു സേവന നികുതി (ജി എസ്ടി) നിയമപ്രകാരം ഇ- ഇൻവോയ്സ് നൽകേണ്ടുന്ന വില്പന പരിധി ഒക്ടോബർ 1 മുതൽ വീണ്ടും കുറച്ച് 10 കോടിയാക്കുന്നു. 50 കോടിയായിരുന്ന വില്പന പരിധി ഏപ്രിൽ ഒന്നു മുതൽ 20 കോടിയാക്കിയതാണ് ഇപ്പോൾ വീണ്ടും 10 കോടിയായി കുറയ്ക്കുന്നത്. നിലവിൽ ബിസിനസ് - ടു ബിസിനസ് (ബിടുബി) ഇടപാടുകൾക്കാണ് ഇ- ഇൻവോയ്സിങ് ബാധകമാക്കിയിട്ടുള്ളത്. ഒക്ടോബർ 1 മുതൽ 10 കോടി രൂപയോ അതിലധികമോ വിറ്റുവരവുള്ള എല്ലാ വ്യാപാരികൾക്കും ബിടുബി ഇടപാടുകൾ നടത്തുമ്പോൾ ഇ-ഇൻവോയ്സ് നിർബ്ബന്ധമാക്കിക്കൊണ്ട് കേന്ദ്ര പരോക്ഷ നികുതി ബോർഡ് (സിബിഐസി) പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കയാണ്.

2020 ഒക്ടോബർ മാസത്തിൽ ഇ-ഇൻവോയ്സിങ് നടപ്പിലാക്കിയപ്പോൾ വിറ്റുവരവ് പരിധി 500 കോടി രൂപയായിരുന്നു. രണ്ടാം ഘട്ടത്തിൽ 2021 ജനുവരി മുതൽ 100 കോടി രൂപയോ അതിൽ കൂടുതലോ വിറ്റുവരവുള്ളവർക്ക് ഇ- ഇൻവോയ്സിങ് നിർബ്ബന്ധമാക്കുകയും, വീണ്ടും ഏപ്രിൽ 1 മുതൽ പരിധി വീണ്ടും കുറച്ച് 50 കോടി രൂപയാക്കിയിരുന്നു. 2022 ഏപ്രിൽ 1 മുതൽ 20 കോടി രൂപയാക്കിയിരുന്ന വില്പന പരിധി ആറുമാസം കഴിയുമ്പോൾ വീണ്ടും 10 കോടിയാക്കി പരിധി കുറച്ചിരിക്കുകയാണ്. ഇക്കണക്കിന് വീണ്ടും ആറുമാസം കഴിഞ്ഞ് 2023 ഏപ്രിൽ 1 മുതൽ ഇ- ഇൻവോയ്സിങ് വില്പന പരിധി 5 കോടി രൂപയാക്കിയേക്കുമെന്ന് വ്യാപാരികൾ പ്രതീക്ഷിക്കുന്നു.

ഇ-ഇൻവോയ്സിങ് നടപ്പിലാക്കിയതോടെ നികുതിവെട്ടിപ്പിൽ വലിയ കുറവുണ്ടായിട്ടുണ്ടെന്നാണ് സിബിഐസി വിലയിരുത്തൽ. ജി എസ് ടി വരുമാനം ഉയരാനും ഈ സംവിധാനം വഴിയൊരുക്കി. ഇ-ഇൻവോയ്സ് എടുക്കുന്നതിലൂടെ നികുതി ദായകരുടെ റിട്ടേണിലും, ഇ- വേ ബില്ലിലും നൽകേണ്ടുന്ന വിവരങ്ങൾ ഓട്ടോമാറ്റിക്കായി രേഖപ്പെടുത്തുന്നതിനാൽ റിട്ടേണുകൾ തെറ്റു കൂടാതെ സമർപ്പിക്കുവാനും സാധിക്കും. വ്യാപാരികൾ ചരക്കുനീക്കം ആരംഭിക്കുന്നതിന് മുമ്പു തന്നെ ഇ-ഇൻവോയ്സിങ് നടത്തണം. ഇതിനായി ജി എസ്ടി കോമൺ പോർട്ടൽ വഴിയോ, ഇ-ഇൻവോയ്സ് രജിസ്ട്രേഷൻ പോർട്ടൽ ആയ e.invoice1.gst.gov.in വഴിയോ ഇ- ഇൻവോയ്സ് രജിസ്ട്രേഷനെടുക്കണം. ഇ-വേബിൽ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികൾക്ക് ആ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് ഇ-ഇൻവോയ്സ് പോർട്ടലിൽ ലോഗിൻ ചെയ്യാം. ഇ-ഇൻവോയ്സ് നൽകാൻ ബാധകമായ വില്പന പരിധിയുണ്ടായിട്ടും ഇ-ഇൻവോയ്സ് നൽകിയില്ലെങ്കിൽ സ്വീകരിക്കുന്നയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുകയില്ല. ഇ-ഇൻവോയ്സ് തയ്യാറാക്കുമ്പോൾ തന്നെ അതിലെ പ്രധാന വിവരങ്ങൾ പ്രത്യേക രീതിയിൽ ഇൻവോയ്സ് രജിസ്ട്രേഷൻ പോർട്ടലിൽ രേഖപ്പെടുത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ പോർട്ടലിൽ നിന്നും ലഭിക്കുന്ന ക്യൂ ആർ കോഡും രേഖപ്പെടുത്തി ബിൽ നൽകുന്നതിനെയാണ് ഇ- ഇൻവോയ്സിങ് എന്നു പറയുന്നത്

ഇ- ഇൻവോയ്സിങ് നടപ്പിലാക്കിയ 22 മാസത്തിനുള്ളിൽ 200 കോടി ഇ- ഇൻവോയ്സുകളാണ് സൃഷ്ടിക്കപ്പെട്ടത്. ഇക്കഴിഞ്ഞ ജൂലായ് മാസത്തിൽ മാത്രം 13.21 കോടി ഇ-ഇൻവോയ്സുകളുണ്ടായി. നിലവിൽ വ്യക്തിഗത ഉപഭോക്താക്കൾക്കുള്ള ബിസിനസ് ടു കസ്റ്റമർ (ബിടുസി) വ്യാപാരത്തിന് ഇ-ഇൻവോയ്സിങ് ബാധകമാക്കിയിട്ടില്ല.

ചെക്കിടപാടുകൾ സുരക്ഷിതമാക്കാൻ ബാങ്കുകൾ പോസിറ്റീവ് പേ സംവിധാനം കർശനമാക്കുന്നു.

ചെക്കിടപാടുകൾ കൂടുതൽ സുരക്ഷിതമാക്കാൻ റിസർവ്വ് ബാങ്ക് ആവിഷ്കരിച്ച പുതിയ സംവിധാനമായ പോസിറ്റീവ് പേ സിസ്റ്റം (പിപി എസ്) ബാങ്കുകൾ കർശനമാക്കുന്നു. ഇതനുസരിച്ച് 5 ലക്ഷം രൂപയോ അതിലധികമോ മൂല്യമുള്ള ചെക്കുകൾ നൽകുമ്പോൾ അതിന്റെ വിവരങ്ങൾ ബാങ്കിനെ അറിയിക്കണം. ഇത്തരത്തിൽ ആവശ്യമായ വിവരങ്ങൾ നൽകാതിരുന്നാൽ ചെക്ക് മടങ്ങും. ഇക്കാര്യം അറിയിച്ചു കൊണ്ട് ബാങ്കുകൾ ഉപഭോക്താക്കൾക്ക് സന്ദേശവും നൽകുന്നുണ്ട്.

അഞ്ച് ലക്ഷത്തിന് മുകളിലുള്ള ചെക്ക് ഇടപാടുകൾക്ക് ജനുവരി 1 മുതൽ പിപിഎസ് നിലവിൽ വന്നിരുന്നു. എന്നാൽ ഇത് കർശനമാക്കിയിരുന്നില്ല. ആഗസ്റ്റ് 1 മുതൽ മിക്ക ബാങ്കുകളും ഇതിനുള്ള നടപടികൾ ശക്തമാക്കിയിട്ടുണ്ട്. ചെക്ക് നൽകുമ്പോൾ എസ് എം എസ്, ഇ- മെയിൽ, മൊബൈൽ ആപ്, ഇന്റർനെറ്റ് ബാങ്കിങ് എന്നിവയിലേതെങ്കിലും വഴി ചെക്കിന്റെ വിവരങ്ങൾ ബാങ്കിനെ അറിയിക്കാം. ചെക്ക് ആർക്കാണ് നൽകിയിട്ടുള്ളത്, ചെക്ക് നമ്പർ, തിയതി, തുക തുടങ്ങിയ വിവരങ്ങളാണ് നൽകേണ്ടത്. പിപിഎസ് സംവിധാനത്തിൽ ചെക്ക് മാറുന്നതിനായി ലഭിച്ച വിവരം ബാങ്കുകൾ എസ് എം എസ് മുഖേന അറിയിക്കും. അക്കൗണ്ട് ഉടമ നൽകിയ ചെക്ക് അല്ലെങ്കിൽ ബാങ്കുമായി ബന്ധപ്പെടാനും ഇതിൽ നിർദ്ദേശമുണ്ടായിരിക്കും.

നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപി സി ഐ) തയ്യാറാക്കിയ ചെക്ക് ക്ലിയറൻസിനുള്ള പുതിയ സംവിധാനമാണ് പോസിറ്റീവ് പേ സിസ്റ്റം (പിപി എസ്). വലിയ തുകയ്ക്കുള്ള ചെക്കിന്റെ വിവരങ്ങൾ ചെക്ക് നൽകുന്നയാളിൽ നിന്ന് ചോദിച്ച് ഉറപ്പു വരുത്തിയ ശേഷമാകും ഇതിൽ ഇടപാട് പൂർത്തിയാക്കുക. അക്കൗണ്ട് ഉടമയ്ക്ക് ചെക്ക് നൽകുന്ന സമയത്ത് ബാങ്കിന് നൽകിയ വിവരങ്ങൾ വിലയിരുത്തിയാകും ഇടപാടുകൾ നടക്കുക.

ആദായനികുതി
ഒറ്റ മാസം സമർപ്പിച്ചത് 5.13 കോടി റിട്ടേൺ

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആദായനികുതി റിട്ടേണിൽ 5.13 കോടിയും സമർപ്പിച്ചത് ജൂലൈയിലെന്ന് ആദായനികുതി വകുപ്പ്. ഇതു വരെയുള്ളതിൽ ഒരു ദിവസം ഏറ്റവും കൂടുതൽ റിട്ടേൺ സമർപ്പിക്കപ്പെട്ടതും ഈ വർഷമാണ്. പിഴകൂടാതെ റിട്ടേൺ സമർപ്പിക്കാനുള്ള അവസാനദിവസമായ ജൂലായ് 31 ന് ഇത്തവണ 72.42 ലക്ഷം റിട്ടേണുകളാണ് എത്തിയത്. ഇതടക്കം ആകെ 5.83 കോടി റിട്ടേണുകൾ സമർപ്പിക്കപ്പെട്ടതായും വകുപ്പ് അറിയിച്ചു.

ഒരു മണിക്കൂറിൽ ഏറ്റവും കൂടുതൽ റിട്ടേൺ ലഭിച്ചത് ഞായറാഴ്ചയാണ്. വൈകിട്ട് അഞ്ചിനും ആറിനുമിടയിൽ 5,17000 എണ്ണം. രാത്രി 7.44 ന് ലഭിച്ച 9,573 റിട്ടേൺ എന്നതാണ് ഒരു മിനിറ്റിൽ ഏറ്റവും കൂടുതൽ . ജൂലായ് ആദ്യം റിട്ടേൺ സമർപ്പണം വളരെ സാവധാനത്തിലായിരുന്നു. ജൂലായ് ഏഴിനാണ് ഒരു കോടി റിട്ടേൺ പൂർത്തിയായത്. ജൂലായ് 22 ലെ കണക്കുപ്രകാരം 2.48 കോടി റിട്ടേണാണ് ലഭിച്ചത്. എന്നാൽ തിയതി നീട്ടില്ലെന്ന സർക്കാർ അറിയിപ്പു വന്നതോടെ വേഗം കൂടി. ബാക്കി ഒമ്പതു ദിവസം കൊണ്ട് 3,35 കോടി റിട്ടേണുകൾ സമർപ്പിച്ചു. അവസാനദിവസം 72.42 റെക്കോഡും പിറന്നു.

മൊത്തം റിട്ടേണുകളിൽ 50 ശതമാനവും ഐടി ആർ. ഒന്ന് ഫോമിലുള്ളതാണ്. 2.93 കോടി എണ്ണം. ഐ ടി ആർ രണ്ടിൽ 67 ലക്ഷം (11.50 ശതമാനം). ഐ ടി ആർ മൂന്നിൽ 63.5 ലക്ഷം (10.9 ശതമാനം). ഐ ടി ആർ നാലിൽ 1.54 കോടി (26 ശതമാനം) എന്നിങ്ങനെയാണ് കണക്ക്. ഐ ടി ആർ അഞ്ചു മുതൽ ഏഴു വരെ ഫോമുകളിൽ 5.5 ലക്ഷം പേരാണ് റിട്ടേൺ സമർപ്പിച്ചത്. 3.96 കോടി റിട്ടേണുകളുടെ ഇ- വെരിഫിക്കേഷൻ പൂർത്തിയായി. ഇതിൽ 3.71 എണ്ണവും ആധാർ അധിഷ്ഠിത ഒ ടി പി വഴിയായിരുന്നു. 3.01 കോടി റിട്ടേണുകളുടെ നടപടികൾ പൂർത്തിയാക്കിട്ടുണ്ട്. നികുതി വിവരങ്ങൾ അറിയാനായി 5.03 കോടി നികുതിദായകർ ആദായനികുതി പോർട്ടലിൽ ലഭിക്കുന്ന വാർഷിക സ്ഥിതി വിവര റിപ്പോർട്ട് ഡൗൺലോഡ് ചെയ്തിട്ടുണ്ടെന്നും വകുപ്പ് വ്യക്തമാക്കി.

നാടെങ്ങും ചോദ്യം, നമ്മൾ പാപ്പരാവുമോ!

നാട്ടിൻ പുറത്തെ നാടൻ വീട്ടിൽ ചെന്നപ്പോൾ അവിടെയും ചർച്ച ഈ പോക്ക് പോയാൽ കേരളം ശ്രീലങ്ക പോലാകുമോ? ശമ്പളം കിട്ടാതാകുമോ? കേട്ടയാൾ– അയ്യോ എന്റെ പെൻഷൻ കാശെല്ലാം ട്രഷറിയിൽ ഇട്ടിരിക്കുവാണേ.. എടുക്കാൻ പറ്റാതാകുമോ? നാടെങ്ങും ജനം ഇതേ വിഷയം സംസാരിക്കുന്നു!

നഗരത്തിലെ വല്യ ബുദ്ധിജീവികൾ കൂടുന്നിടങ്ങളിലും ഇതേ വിഷയം ചർച്ചകളിലുണ്ട്. കേരളം ലോകത്തിലെ ഏറ്റവും മോശം സ്ഥലങ്ങളിലൊന്നാണെന്നു വരെ വിലയിരുത്തിക്കളഞ്ഞു. പാപ്പരാകാൻ പോവുകയാണെന്നു പലരും വാദിച്ചു. ശമ്പളം മുട്ടും, കടമെടുപ്പിന്റെ അളവ് കുറയും. മറ്റു പലതിനേയും കുറ്റം പറഞ്ഞിട്ട് അന്നു കാര്യമുണ്ടാവില്ല. ഇന്ത്യയിൽ ആദ്യമായി പാപ്പരാവുന്ന സംസ്ഥാനമായേക്കും കേരളം എന്നു വരെ പറയുന്നവരുണ്ട്.

ലോകം മുഴുവൻ യാത്ര ചെയ്തിട്ടുള്ളവരും, ഉന്നതസ്ഥാനങ്ങളിൽ ഇരുന്നിട്ടുള്ളവരുമാണ് ഇതൊക്കെ പറയുന്നത്. ചായക്കട വർത്തമാനമല്ല, നമ്മളായിട്ട് ഒന്നും പറയുന്നില്ലേ.. വിവരമുള്ളവർ പറഞ്ഞതിന്റെ ഒരു 'സേമ്പിള്' കാണിച്ചു തരാം. സാംപിൾ വെടിക്കെട്ടു തന്നെ കണ്ണുതുറപ്പിക്കും.

കേരളം മനോഹരം എന്നു മേനിനടിക്കുന്നതിൽ കാര്യമില്ല. മനോഹര നാടുകൾ വേറേ ഒരുപാട് ലോകത്തുണ്ട്. നാട്ടുകാരാണു പ്രശ്നം നിങ്ങളുടെ വീട് വൃത്തികേടായി കിടക്കുകയാണെങ്കിൽ വന്നു കാണുന്നവർ വീടിനെയേ കുറ്റംപറയൂ. അവിടെ താമസിക്കുന്ന നിങ്ങളുടെ ചെയ്തിയാണതെന്നു പറയില്ലല്ലോ, യേത്?

ഇവിടെ നിന്നിട്ടു കാര്യമില്ല എന്ന ചിന്ത യുവതിയുവാക്കളുടെ മനസിൽ പതിഞ്ഞിരിക്കുന്നു. എല്ലാവരും പറഞ്ഞു പോവുകയാണ്. മറ്റു സംസ്ഥാനങ്ങളിലോ. വിദേശത്തോ ഇവിടെ രാഷ്ട്രീയ വിധേയത്വവും കാക്കപിടിത്തവുമായി നടക്കുന്നവർക്കേ രക്ഷയുള്ളൂ എന്ന ഇമേജായി. പലർക്കും വേണ്ടി ക്യാപ്സ്യൂൾ പ്രചരിപ്പിക്കാൻ നടക്കുന്ന കുറേപേർ. മിടുക്കരെല്ലാം പുറത്തു പോകുമ്പോൾ ആ ഗ്യാപ് നികത്താൻ വരുന്നത് ബംഗാളിൽ നിന്നും മറ്റുമുള്ള ചിലർ.

പുറത്തു പോകാനുള്ള യോഗ്യതയോ സാമ്പത്തിക സ്ഥതിയോ ഇല്ലാത്തവരാണ് ഇവിടെ തുടരുന്നത്. വെളിയിൽ പോകാൻ കുറച്ചു കാശും വേണം. വിസയും വിമാനടിക്കറ്റും മാത്രമല്ല ഇംഗ്ലീഷ് യോഗ്യതാ പരീക്ഷയ്ക്കുള്ള കോഴ്സിൽ ചേർന്നിട്ട് അതു പാസാകണം. ഇല്ലാത്തവർ ഇവിടെ തുടരുന്നു. ഈ പോക്ക് പോയാൽ 10 വർഷത്തിനകം കേരളം മണ്ണും പിണ്ണാക്കും അറിയാത്ത കുറേപ്പേർ മാത്രം താമസിക്കുന്ന നാടാകും.

ഇപ്പോൾ തന്നെ ഏതു ജോലിക്കും ആളെ ക്ഷണിച്ചാൽ ഒന്നിനും കൊള്ളാത്തവരാണ് വരുന്നതെന്ന് ഇന്റർവ്യൂ നടത്താൻ വിധിക്കപ്പെട്ടവർ പറയുന്നു.

സംരംഭകരെ ചൂഷകരായി കണ്ട് ആട്ടിയോടിക്കുന്നില്ലേ ഇന്നും....? അധ്വാനിച്ചു പണം ഉണ്ടാക്കിയവരോടൊക്കെ അസൂയയല്ലേ? അവരെ വലിച്ചു താഴെ കൊണ്ടു വരാൻ പല വഴികളും നോക്കുന്നില്ലേ?

ഒടുവിലാൻ അപ്പോൾ കേരളം ലോകത്തെ ഏറ്റവും മോശം സ്ഥലമാണോ? ലോകൈക സഞ്ചാരി പറയുന്നു. വാസ്തവം മഴ, വെള്ളം, കൃഷിഭൂമി വിദ്യാഭ്യാസമുള്ള ജനം എല്ലാം ഉണ്ടായിട്ടും കേരളം ഈ വിധത്തിലായെങ്കിൽ ജനം നശിപ്പിച്ചതാണ്.

(കടപ്പാട് മലയാള മനോരമ.)

ഡോ.പൂഴിക്കുന്ന് കൃഷ്ണകുമാർ

ഓണം

ചിങ്ങപ്പുലരിയുദിച്ചു വന്നു
ചിന്തയിൽ ഓർമ്മതൻ ഓണമായി
ഓരോ പുലരിയും ഓണമായി
ഓണത്തിൻ ഓർമ്മകൾ പൂത്തുലഞ്ഞു
പൂവുകൾക്കുൽസവകാലമായി
ആരാമമാഘോഷ കേന്ദ്രമായി
അത്തക്കളത്തിലായൊത്തിരിക്കാൻ
ആരാമം മത്സരവേദിയായി
പൂക്കളും മൽസരിച്ചോടിയെത്തി
പിച്ചിയും, മുല്ലയും, റോസയും, തുളസിയും
അരളിയും ആമ്പലും താമരയും പിന്നെ
പേരറിയാത്തൊരു പൂവുപോലും
അത്തത്തിനെത്തുവാൻ കാത്തുനിന്നു
ഓണക്കളികളിലൊന്നായി കൂടിയോ-
രോമനക്കുഞ്ഞുങ്ങൾ നാട്ടിലെങ്ങും
പന്തുകളിച്ചും തുള്ളിക്കളിച്ചും
പൊന്നോണപാട്ടുകൾ ഈണത്തിൽ പാടിയും
ഒത്തുചേരുന്നൊരു ഉത്സവമാണിത്
ചിങ്ങമാസത്തിലെ പൊന്നോണം
പുത്തനുടുപ്പുകൾഒത്തിരിവാങ്ങിയും
മുറ്റത്തെ അത്തത്തിൽ പൂക്കളമിട്ട്
ഊഞ്ഞാലാടിപ്പാടിനടന്നു
പൊന്നോണത്തിൻ പൂക്കിളികൾ
അത്തം തുടങ്ങി പത്താം നാളിൽ
പൊന്നോണമെത്തി സദ്യയുമായ്
മാവേലിമന്നനെ വരവേൽക്കുവാനായ്
വാനവും ഭൂമിയും പൂത്തുനിന്നു
നാടും നഗരവും കാത്തുനിന്നു
ഉത്സവ ഉൻമേഷ ആഘോഷമായ്

Determination of Place of Supply of Service of Renting of residential property to a Unregistered Person under GST.

B.S.Seethapathi Rao

The Goods and Services Tax is a destination based tax. The Government has designed to tax on goods and Services under GST Law is based on identifying whether the supply made is Inter Sate supply of services or Intra State supply of services. In case of Inter State Supply of services, Integrated Goods and Services Tax (IGST) is applicable and in case of Intra State Supply of Service, Central Goods and Services Tax (CGST) and State Goods and Services Tax (SGST) or Union Territory Goods and Services Tax (UTGST) is applicable.

Section 2(86) of the CGST Act,2017, states that "Place of Supply" means the place of supply as referred to in Chapter –V of the Integrated Goods and Services Tax Act (IGST) 2017.

Section 12 (1) to Section 12(14) of IGST Act,2017 deals with "Determination of Place of Supply of Services" ,i.e. "Services where location of Supplier and recipient of services is in India" in various types of Supply of Services .

Meaning of "Location of the recipient of services" under GST Law :

Section 2(14) of the IGST Act,2017,states that "Location of the recipient of Services: means:

(a) Where a supply is received at a place of business for which registration has been obtained , the location of such place of business,

(b) Where a supply is received at a place other than the place of supply of business for which registration has been obtained (a fixed establishment elsewhere) , the location of such fixed establishment,

(c) Where a supply is received at more than one establishment , where the place of business or fixed establishment, the location of the establishment most directly concerned with the receipt of the supply, and

(d) In absence of such places, the location of the usual place of residence of the recipient.

Meaning of "Usual Place of Residence" as per GST Law .

Section 2(113) of the CGST Act,2017, states that "usual place of residence "means:

(a) In case of an individual, the place where he ordinarily resides,

(b) In other cases, the place where the person is incorporated or otherwise legally constituted.

Here with I am giving examples to easy to understand about determination of place of supply as per Sec.12(2)(a), Sec.12(2)(b)(i) and Sec.12(2)(b)(ii) of IGST Act.

General Principle:

Section	Situation	Place of Supply
12(2)(a)	Where supply of services made to registered person	Location of recipient of service
12(2)(b)(i)	Where supply is made to an unregistered person where address is available on record	Place of where address is available on record
12(2)(b)(ii)	Where supply is made to an unregistered person where address is not available on record.	Location of the supplier

i). Determination of place of supply shall be "Location of immovable property.

ii). If the immovable property is located in more than one state then the supply shall be treated as made to each state in proportion to the value of services collected or determined.

What is the default presumption for place of supply in respect of unregistered recipient?

In respect of unregistered recipients, the usual place of supply is location of recipient. However, in many cases, the addresses of recipient is not available, in such cases, location of supplier of services is taken as substitute for place of supply.

FAQ's on the above subject:

Q.1. If the taxpayer is located in a State different from the State in which the rented Residential property is situated.

Ans: In this situation, the place of supply shall be the place of residential property, hence, it is interState Supply of service and IGST shall be applicable and tenant will be paid @18% GST under IGST Act.

Q.2. Landlord is registered under GST and tenant is un registered in the same State in which the residential property is situated.

Ans: In this situations, Recipient (unregistered person) shall be liable to discharged GST Tax under CGST @9% and SGST @9% Acts.

(2).The liability to discharge GST on 3rd floor will be arise and liable to discharge GST on monthly rental payment @9%under CGST and 9% under SGST under Reverse charge mechanism (RCM) and shown in his monthly GST return Form GSTR3B at RCM box .

Q.3: A XYZ Company takes a villa at Vijayawada to provide residential accommodation as per company policy. The company has taken such villa from a land lord (unregistered person under GST Law) on monthly basis. Under that circumstance, who are liable to pay GST on such monthly rental payment and what is the time limit to discharge GST tax to the Government?

Ans: In this case, M/s. XYZ company, Vijayawada is a tenant, Land lord is also resident of Vijayawada as per Notification No.05.2022CGST Tax (Rate) dated.13.7.2022, Tenet is liable to pay GST on monthly rental paid on Villa under RCM as IntraState Supply i.e.@9% CGST and @9% SGST Acts and eligible to claim ITC as per provisions of the Sec16 & 17 of the CGST Act,2017.

Q.4. Mr. Prasad is having 3 storied residential building at Benguluru. 1st floor is on his registered on his name, 2nd Floor is registered on his wife name and 3rd floor registered on his son's name . 2nd floor has given to Mr.Kumar , is a business men and registered person for used for residential purpose only and 3rd Floor has given to Krishna Rao, is a private employer for used for residential purposes only.. Under the above circumstance, how to determined GST liability and who are liable to pay GST?

Ans: Under the above circumstances, Mr. Prasad, his wife and his son all are unregistered persons(Under GST). 1st floor is self occupied by Mr. Prasad. with regards to 2nd floor Mr. Kumar (Tenant) is a business men and a registered person (under GST) and used for residential purpose. So, for 2nd floor rental payment, Mr. Kumar (Tenant) will be liable to pay GST @18% under RCM.. With regards to 3rd floor occupied by Mr. Krishna Rao, is a private employ and not a registered person. So, with regards to 3rd floor rental payment , payment of GST doesn't arise.

Q.5:. Mr. Sundar is having 2 residential Flats at Guntur and he is not a registered person (Under GST) and he has given second Flat to Md. Basha (Tenant). He is doing departmental stores business and is having GST registrations (under Composition Dealer). Under that circumstance who are liable to pay GST on 2'nd Flat rents?

Ans: Under that circumstance Md. Basha (Tenant) is liable to pay GST on Second Flat rent used for residential purpose @18% under RCM and not eligible to claim ITC credit as per Section 10(4) of the CGST Act,2017.

Disclaimer: The contents of this article have been prepared on the basis of Press Release by the GST Council issued on the 28'th & 29'th, June'2022 and Notification No.05/2022CentralTax, (Rate)dated.05.07.2022 issued by the CBIC. Although care has been taken to ensure the accuracy, completeness and reliability of the information available, the author assumes no liability. Therefore, users of this information are expected to refer the relevant law, the information as given in no case shall be constructed as a professional advice or opinion.



നികുതി ചോർച്ച തടയൽ ലക്ഷ്യമിട്ട് ജി. എസ്. ടി വകുപ്പ് പുനഃസംഘടിപ്പിക്കുന്നു.

ചരക്കു സേവന വകുപ്പിന്റെ (ജിഎസ്ടി) പുനഃസംഘടനയ്ക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകി. നികുതി സമ്പ്രദായത്തിൽ പുതിയ കാഴ്ചപാട് രൂപപ്പെട്ടതോടെ പുതിയ നിയമത്തിനും ചട്ടത്തിനും അനുസൃതമായി കാലോചിതമായ പരിഷ്കരണം വകുപ്പിന്റെ ഘടനയിലും പ്രവർത്തനത്തിലും നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായാണ് പുനഃസംഘടന. വകുപ്പിന്റെ പുനഃസംഘടനയ്ക്കായി 2018ൽ രൂപീകരിച്ച ഉന്നതല സിമിതിയുടെ ശുപാർശകൾ കൂടി പരിഗണിച്ചാണ് പുനഃസംഘടനയ്ക്ക് അംഗീകാരം നൽകിയിരിക്കുന്നത്.

ഇതനുസരിച്ച് ചരക്കുസേവന നികുതി വകുപ്പിൽ പ്രധാനമായും മൂന്നു വിഭാഗങ്ങളാണ് ഉണ്ടാകുക. 1. നികുതിദായകസേവന വിഭാഗം, 2. ഓഡിറ്റ് വിഭാഗം, 3. ഇന്റലിജൻസ് ആന്റ് എൻഫോഴ്സ് വിഭാഗം. ഈ മൂന്നു വിഭാഗങ്ങൾക്കും നിലവിലുള്ള മറ്റു വിഭാഗങ്ങൾക്കും പുറമേ അനുബന്ധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി ടാക്സ് റിസേർച്ച് ആന്റ് പോളിസി സെൽ, റിവ്യൂ സെൽ, സി ആന്റ് എജി സെൽ, അഡ്വാൻസ് റൂളിംഗ് സെൽ, പബ്ലിക്ക് റിലേഷൻസ് സെൽ, സെന്റ്രൽ രജിസ്ട്രേഷൻ യൂണിറ്റ്, ഇന്റർ അഡ്മിനിസ്ട്രേഷൻ കോഓർഡിനേഷൻ സെൽ എന്നിവ ആസ്ഥാന ഓഫീസ് കേന്ദ്രീകരിച്ചും പുതുതായി സൃഷ്ടിക്കും. ഏഴ് സോണുകളിലായി 140 ഓഡിറ്റ് ടീമുകളെയും നിയമിക്കും. ജിഎസ്ടി വകുപ്പിന്റെ പുതിയ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്കായി ഉദ്യോഗസ്ഥ തലത്തിലും കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അസിസ്റ്റന്റ് കമ്മീഷണർ/സ്റ്റേറ്റ് ഓഫീസർ തസ്തികയെ ഡെപ്യൂട്ടി കമ്മീഷണർ കേഡറിലേക്ക് ഉയർത്തി 24 തസ്തികൾ സൃഷ്ടിക്കും. ഇതിന്റെ ഭാഗമായി അസിസ്റ്റന്റ് കമ്മീഷണർ/ സ്റ്റേറ്റ് ടാകസ് ഓഫീസറുടെ നിലവിലെ അംഗബലം നിലനിർത്തുന്നതിന് 24 ഡെപ്യൂട്ടി സ്റ്റേറ്റ് ടാക്സ് ഓഫീസർ/ അസിസ്റ്റന്റ് സ്റ്റേറ്റ് ഓഫീസർ തസ്തികകളെ അപ്ഗ്രേഡ് ചെയ്യും.

അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയുടെ അംഗബലം 981 ൽ നിന്ന് 1362 ആക്കി ഉയർത്തും. ഇതിനായി 52 ഹെഡ് ക്ലാർക്ക് തസ്തികകളെയും 376 സീനിയർ ക്ലർക്ക് തസ്തികകളെയും അപ്ഗ്രേഡ് ചെയ്യും.

2022 ജൂൺ 28,29 തിയതികളിൽ ചണ്ഡിഗഢിൽ വച്ച് നടന്ന ജി എസ് ടി കൗൺസിൽ തീരുമാനപ്രകാരം താഴെ പറയുന്ന വിഷയങ്ങളിലെ GST rate സംബന്ധിച്ച് clarification നൽകുവാൻ ശുപാർശ ചെയ്തു.

A. Goods - ഉമായി ബന്ധപ്പെട്ട clarifica tions.

1. ബാറ്ററി ഫിറ്റ് ചെയ്തിട്ടുള്ളതോ അല്ലാത്ത തോ ആയ ഇലക്ട്രിക് വാഹനങ്ങൾക്ക് Concessioal rate ആയ 5% അനുവദനീയമാണ്.
2. Fly ash brick ലെ fly ash content. എത്രയെന്ന് പരിഗണിക്കാതെ തന്നെ അവയ്ക്ക് Concessional tax rate ബാധകമായിരിക്കും.
3. Sl. No.123 (Schedule I) ൽ പ്രതിപാദിച്ചിട്ടുള്ള stones (Napa Stone പോലെയുള്ളവ) Ready to use ഉം mirror polished അല്ലാത്തതും ആയിരുന്നാൽ ആയത് concessional rate ആയ 5% ന് വിധേയമായിരിക്കും
4. 0804 Heading HSN Code ഉള്ള. Mango pulp ഉൾപ്പെടെയുള്ള എല്ലാത്തരം Mango forms ന്റെയും (Other than sliced or dried) G S T 12% ആയിരിക്കും. എന്നാൽ Raw and Fresh Mango തുടർന്നും exempted ആയിരിക്കും.
5. Sewage treated water എന്നത് ജി എസ് ടി യിൽ Exempted ആണ്. എന്നാൽ ഇത് Notification 2 / 2017 central Tax (rate) ലെ Sl. No 99 ൽ പ്രതിപാദിക്കുന്ന 'Purified water' ൽ ഉൾപ്പെടുന്നതല്ല. അതിനാൽ ഇവിടെ ഉപയോഗിച്ചിട്ടുള്ള 'Purified' എന്ന വാക്ക് ഒഴിവാക്കുന്നത് ആശയക്കുഴപ്പം ഒഴിവാക്കുന്നതിന് സഹായകമാകും.
6. Nicotine Polacrilex Gum ന്റെ Tax Rate 18% ആയിരിക്കും (For Smoking cessation)
7. Concessional tax rate ലഭിക്കുന്നതിന് 90% fly ash content എന്ന condition fly ash കൾക്കല്ല, മറിച്ച് അതോടൊപ്പം പറഞ്ഞിട്ടുള്ള fly ash aggregate നാണ് ബാധകമാകുന്നത്. ആയതിനാൽ ഒരു simplification measure എന്ന നിലയിൽ 90% 'Condition' ഒഴിവാക്കാവുന്നതാണ്.

B. Service ഉ മായി ബന്ധപ്പെട്ട Clarifi cation

1. Ice cream parlor കളിൽ, ആശയക്കുഴപ്പത്തിന്റെ പേരിൽ 01.07.2017 മുതൽ 05.10.2021 വരെ (Circular No.164/2021 dated 6/10.2021 വഴി clarify ചെയ്യുന്നത് വരെ) Ice cream ന് 5% (without ITC) നികുതി നിരക്കാണ് വ്യാപാരികൾ ചുമത്തിയിരുന്നത്. ഇത് Restaurant Service -ൽ പെടാത്തതിനാൽ, മേൽ സർക്കുലർ വഴി ഇത്തരം സർവ്വീസ് 18% നികുതിക്ക് വിധേയമാണെന്ന്. clarify ചെയ്തിരുന്നു. ഈ വിഷയത്തിൽ 01.07.2017 മുതൽ 05.10.2021 വരെയുള്ള കാലഘട്ടത്തിലെ നികുതി വ്യത്യാസം ഈ മേഖലയിലുള്ള പാർലർ ഉടമകൾക്ക് വൻ ബാദ്ധ്യതയുണ്ടാക്കുമെന്നതിനാലും, ആയത് പല തരത്തിലുള്ള litigation കളിലേക്ക് നയിക്കപ്പെടുമെന്നതിനാലും ഈ കാലയളവിലെ നികുതി നിരക്ക് 5% (without ITC) ആയി regularise ചെയ്യുവാൻ കൗൺസിൽ ശുപാർശ ചെയ്തു.
2. University കൾ ചുമത്തുന്ന പ്രവേശന ഫീസ് admission ന് വേണ്ടി നൽകുന്ന eligibilitycertificate നുള്ള ഫീസ്,. migration certificate issue ചെയ്യുന്നതിനുള്ള ഫീസ് എന്നിവയ്ക്ക് GST exemption ഉണ്ടായിരിക്കും.
3. Notification 12/2017 ലെ 24B ബി യിലെ. "raw

vegetable fibers'' എന്ന category യിൽ "Ginned or haled fiber'' എന്ന item ഉൾപ്പെടുമെന്ന് clarify ചെയ്യുന്നു. Cotton fruit ൽ നിന്നും Cotton നിർമ്മിക്കുന്ന process ൽ ആദ്യ ഘട്ടത്തിൽ അതിനെ Gining machine-ൽ process ചെയ്ത് ലഭിക്കുന്ന ആദ്യ fiber ആണ് ginned fiber.

4. നേപ്പാൾ, ഭൂട്ടാൻ എന്നിവിടങ്ങളിലെയ്ക്കും അവിടെ നിന്ന് ഇങ്ങോട്ടും നടത്തുന്ന Cargo transit Service, Notification 12/2017- Central Tax (Rate) ലെ entry No 9B പ്രകാരം exempted ആണ്.

5. പുസ്തക രൂപത്തിൽ publish ചെയ്യുന്ന Souvenir കളിൽ പരസ്യത്തിനായി space നൽകുന്നതിന് 5% concessional നിരക്കിന് അർഹത ഉണ്ടായിരിക്കും.

6. സാധനങ്ങൾ transport ചെയ്യുന്നതിനായി ഒരു വാഹനം സമയ വ്യവസ്ഥയിൽ വാടകയ്ക്ക് നൽകുമ്പോൾ (with operator), ആയതിനെ 9966 എന്ന Heading ന് കീഴിൽ classify ചെയ്യാവുന്നതും 18% നികുതി വിധേയവുമായിരിക്കും. ഇത്തരം സാഹചര്യത്തിൽ ലഭിക്കുന്ന consideration-ൽ ഇന്ധന വിലകൂടി ഉൾപ്പെടുന്നുണ്ടെങ്കിൽ ആയതിന്റെ നികുതി നിരക്ക് 12% ആയിരിക്കും.

7. ദീർഘകാല leaseന് plotകൾ നൽകുമ്പോൾ അനുയോജ്യമായ plot തിരഞ്ഞെടുക്കുന്നതിനുള്ള അവസരം നൽകുന്നത് ജി.എസ്.ടിയിൽ supply ആയി കണക്കാക്കുന്നു. ആയതിനാൽ ഇത്തരത്തിൽ നിലവിലുള്ള plot ന്റെ location change, preferential location changes (PLC) എന്നിവയ്ക്ക് additional consideration ലഭിക്കുന്നുണ്ടെങ്കിൽ, ആയതും മേൽ വിവരിച്ച രീതിയിൽ ജി.എസ്.ടി യിൽ supply ആയി treat ചെയ്യേണ്ടതാണ്.

8. TV ചാനലുകളിൽ Guest Anchor ആയി പ്രവർത്തിക്കുന്നവർക്ക് നൽകുന്ന honorarium GST ക്ക് വിധേയമാണ്.

9. Fastag ഇല്ലാത്ത വാഹനങ്ങളിൽ നിന്നും pentalty എന്ന നിലയിൽ toll fee യോടൊപ്പം collect ചെയ്യുന്ന additional fee ക്ക് tollcharge നുമേൽ നടത്തുന്ന അതേ നികുതി രീതിയായിരിക്കും അവലംബിക്കുക.

10. Assisted reproductive technology (ART) like In Vitro Fertilisation (IVF) (സാധാരണ രീതിയിൽ ഗർഭധാരണം നടക്കാത്തയാളുകളിൽ മറ്റ് സഹായങ്ങളോടെ ഇത് പ്രാവർത്തികമാക്കിയെടുക്കുന്ന സാങ്കേതിക വിദ്യകൾ) തുടങ്ങിയവ GSTൽ Health Care Service ഉൾപ്പെടുത്തി അവയെ നികുതിരഹിതമാക്കിയിട്ടുണ്ട്.

11. ഒരാളുടെ ഉടമസ്ഥതയിലുള്ള ഭൂമി നിരപ്പാക്കി, drainage, pipe line തുടങ്ങിയവ സ്ഥാപിച്ച് വിൽക്കുമ്പോൾ ആയതിനെ ഭൂമിയുടെ വില്പനയായി മാത്രം കണക്കാക്കുന്നതിനാൽ GSTക്ക് വിധേയമല്ല.

12. ഒരു വാഹനം ഒരു പ്രത്യേക Period ലേക്ക് (time) ഒരു body corporate ന് passengers നേ transport ചെയ്യുന്നതിനായി വാടകയ്ക്കു നല്കുയാണെങ്കിൽ ആയതിന്റെ നികുതി reverse charge mechanism (RCM) അനുസരിച്ച് body corporate അടയ്ക്കേണ്ടതാണ്.

13. GST ൽ tax exemption ഉള്ള service കളെ സംബന്ധിക്കുന്ന notification 12/2017-CT ലേ 17 (d) എന്ന serial number ആയി ചേർത്തിട്ടുള്ള "Public Transport" എന്ന entry പ്രകാരം ഒരു Public Transport യാത്രക്കാരെ transport ചെയ്യുകയും, അത് മുഖ്യമായും ഒരു tourism purpose ഉമായി ബന്ധപ്പെടാതിരിക്കുകയും ചെയ്താൽ ജി.എസ്.ടിക്ക് വിധേയമായിരിക്കില്ല എന്നതാണ്. അതായത് ഇത്തരം transportation നടക്കുന്നത് എല്ലാവർക്കും ഉപയോഗിക്കത്തക്ക രീതിയിൽ (Open to all) ഒരു point ൽ (സ്ഥലം) നിന്നും മറ്റൊരു point ലേക്ക് ഉള്ള സർവ്വീസ് ആയിട്ടായിരിക്കണം.

C. മറ്റ് മാറ്റങ്ങൾക്ക് വേണ്ടിയുള്ള ശുപാർശകൾ

1. തപാൽ വകുപ്പു നൽകുന്ന എല്ലാ taxable സർവ്വീസുകളും forward chargeന് വിധേയമായിരിക്കണം. ഇതു വരെ തപാൽ വകുപ്പു നൽകുന്ന ചില taxable service കൾ RCM ൽ Tax ചെയ്തു പോന്നിരുന്നു.

2.. Goods Taransport Agency (GTA) കൾക്ക് 5% (without ITC) 12% (With ITC) എന്നിവ Forward Charge Mechanism ത്തിൽ Opt ചെയ്യാവുന്നതാണ്. RCM Option ഉം

തുടരാവുന്നതാണ്.

3. ഇന്ത്യയിലുള്ള ഒരു Tour Operator ഇന്ത്യക്കു പുറത്തു നിന്നുള്ള ഒരു Tourist ന് Tour Operating Sevice Probvide ചെയ്യുകയും, അയാളുടെ യാത്ര ഭാഗികമായി ഇന്ത്യയിലും ഭാഗികമായി വിദേശത്തും ആയിരിക്കുകയും ചെയ്താൽ ആ വ്യക്തി ഇന്ത്യയിൽ നടത്തുന്ന യാത്രക്കു നൽകുന്ന സേവനത്തിന്റെ ആനുപാതികമായ നികുതിയ്ക്ക് operatorക്ക് ബാദ്ധ്യതയുണ്ടായിരിക്കും. എന്നാൽ Tour Duration ന്റെ പകുതിയിൽ കൂടുതൽ Exemption അനുവദനീയവുമല്ല.

D. GST **നിയമത്തിലും നടപടി ക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങളുമായി ബന്ധപ്പെട്ട, ശുപാർശകൾ**

1. വ്യാപാരി സമൂഹത്തിന്റെ സൗകര്യത്തിനു വേണ്ടിയുള്ളവ.

(a) Electronic Commerce Operators വഴി supply നടത്തുന്നവർക്ക് Section 24 (IX) പ്രകാരം Turnover ന്റെ threshold lmit ബാധകമല്ലാതെ compulsory registration എടുക്കേണ്ടതുണ്ടായിരുന്നു.

താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇത് ഒഴിവാക്കുന്നതിന് കൗൺസിൽ ശുപാർശ ചെയ്തിട്ടുണ്ട്.

i) All India Basis Aggregate Turnover പരിധി Section 22(1) അവയുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനുകൾ എന്നിവ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള തുകയ്ക്ക് മുകളിലാകുവാൻ പാടില്ല.

ii) **പ്രസ്തുത വ്യക്തി ഒരു തരത്തിലുമുള്ള** inter State Supply **നടത്തുവാൻ പാടില്ല.**

(b) (composition Tax payers ന് e-commerce operator വഴി Intrastate Supply നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് Council ശുപാർശ ചെയ്തു. ഇതിനുവേണ്ടിയുള്ള പദ്ധതി കൗൺസിലിന്റെ Law committee തയ്യാറാക്കുന്നതും പദ്ധതി 1.1.2023 മുതൽ GST Common Portal, e-commerce Operators എന്നിവയുടെ തയ്യാറെടുപ്പുകൾ അനുസരിച്ച് നടപ്പാക്കുന്നതായിരിക്കും.

2. Inverted Duty Structure പ്രകാരമുള്ള. Unutilized Imported Tax Credit ന്റെ refund Calculate ചെയ്യുന്നതുമായി ബന്ധപ്പെട്ട Rule 89 (5) പ്രതിപാദിച്ചിട്ടുള്ള Formula ൽ Amendment ന് ശുപാർശ ചെയ്തു.

Export ഉ മായി ബന്ധപ്പെട്ട IGST Refund claim കളിൽ Exporter മാർ Risky Exporter ആണെന്ന്. identify ചെയ്ത case കളിൽ, GST Officers ടെ Verification ആവശ്യമുള്ളതോ Customs Act ലെ Provisions Violate ചെയ്തിട്ടുള്ളവരുടെയൊ Refund Claimകൾ (in respect of Goods) Suspend ചെയ്യുകയോ Withheld ചെയ്യുകയോ ചെയ്തിട്ടുണ്ട്.

ഇത്തരം Case കളിൽ IGST Refund claim കൾ പെട്ടെന്ന് Dispose ചെയ്യുന്നതിലേക്കായി Rule 96 Amend ചെയ്തുകൊണ്ട്, ഇത്തരം GST Refund Claim കളെ Portal തന്നെ ഒരു System Generated Form GST RFD -01 വഴി jurisdictional GST Authority യുടെ മുന്നിൽ Processing നായി എത്തിക്കുന്നതിനുള്ള സൗകര്യം ഒരുക്കുവാൻ കൗൺസിൽ ശുപാർശ ചെയ്തിട്ടുണ്ട്.

4. ഒരു Tax payer ന് സാധനങ്ങളുടെ Export ഉമായി ബന്ധപ്പെട്ട് zero rated supply നടത്തിയ സമയത്ത് Accumulated IGST അടച്ചതുമായി ബന്ധപ്പെട്ടോ ITC Accumulate ചെയ്തതുമായി ബന്ധപ്പെട്ടോ അനുവദിച്ച. Refund Rule 96 (10) ന് വിരുദ്ധമായിട്ടാണ് എന്ന് ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത തുക, അത്തരം Tax payer ക്ക് Interest, Penalty എന്നിവ ചേർത്ത് Common Portalലേക്ക് തിരികെ അടയ്ക്കേണ്ടതായിട്ടുണ്ട്.

ഈ തുകയിൽ Credit Ledger ൽ നിന്നും Refund നേടിയെടുത്ത തുക തിരികെ Electronic Credit Ledger ൽ എത്തിക്കുന്നതിനായി പുതിയതായി FORM GST PMT -03A എന്ന Form നിലവിൽ വരുന്നതാണ്.

5. 2022 Finance Act ലെ Section IID(E), section 111 എന്നിവ എത്രയും പെട്ടെന്ന് notify ചെയ്യുന്നതിനുള്ള നടപടി. central Government സ്വീകരിക്കണമെന്ന് councilശുപാർശ ചെയ്തു.

ഇതിൽ ഒന്നാമത്തേത് section 50 (3) പ്രകാരമുള്ള പലിശയ്ക്ക് ഒരാൾ തെറ്റായി Avail ചെയ്ത ITCയുടെ മേൽ ബാദ്ധ്യത വരുന്നത് Ledger ൽ നിന്നും ആ തുക Utilize ചെയ്യുന്നത് മുതൽ ആയിരിക്കും എന്നതാണ്. ഇതിന് 01.07.2017 മുതൽ മുൻകാല പ്രാബല്യവും ഉണ്ടായിരിക്കും.

ഇതിൽ രണ്ടാമത്തേത് Section 49 പ്രകാരം ഒരു Regidterd person ന്റെ Cash ledger-ൽ balance ഉള്ള തുക അയാളുടെ ഒരു distinct person ലേക്ക് cash ledger to cash ledger transaction നടത്തുന്നതിലേയ്ക്കായി Section49 (10)ൽ വരുത്തേണ്ട amendment ആണ്.

This has been notified vide notifcation No 9/2022 (Centraltax) dt 05-07-2022

കൂടാതെ Section 50 പ്രകാരം interest കണക്കാക്കുന്ന രീതിയിൽ കൂടുതൽ വ്യക്തത വരുത്തണമെന്ന് ശുപാർശ ചെയ്യപ്പെട്ടു. ഇത് interest കണക്കാക്കുന്നതിൽ നിലനിൽക്കുന്ന അവ്യക്തത ഒഴിവാക്കുകയും, ഒരാളുടെ Cash ledger - ൽ നിന്നും distinct person ന്റെ Cash ledger ലേയ്ക്കുള്ള cash transferഅത്തരം taxpayer ന്റെ cash flow, liqidity എന്നിവ improve ചെയ്യുന്നതിനും സഹായകമാകുകയും ചെയ്യുന്നു.

6. 2021-22 ലെ Form GSTR-4 ഫയൽ ചെയ്യുന്നതിനുള്ള താസമത്തിനുള്ള late free.ഒഴിവാക്കൽ 2022-23 ലെ ഒന്നാമത്തെ. quater ലെ CMP-08 സമർപ്പിക്കുന്നതിനുള്ള തിയതി ദീർഘിപ്പിക്കൽ എന്നിവയും ശുപാർശ ചെയ്തിട്ടുണ്ട്.

2021-22 ലെ Form GSTR-4 സമർപ്പിക്കുന്നതിനുള്ള (compostion tax payer) കാലതാസമത്തിനുള്ള Section 47 പ്രകാരമുള്ള late fee യുടെ waiver 4 ആഴ്ചത്തേയ്ക്ക്കൂടി നീട്ടുന്നതിന് ശുപാർശ ചെയ്തു. നേരത്തെ 01.05.2022 മുതൽ 30.06.2022 വരെയുള്ള കാലതാമസത്തിനുള്ള late fee ഒഴിവാക്കിയിരുന്നു. ഇപ്പോൾ ഇത് 28.07.2022 വരെ നീട്ടി നൽകുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്.

This has been notified vide notification no 12/ 2022 (Central Tax) dt 05-07-2022

അത് പോലെ തന്നെ Compostion tax payer ന്റെ 2022-23 ലെ ആദ്യ quater ലെ Form GST CMP 08 ഫയൽ ചെയ്യുന്നതിനുള്ള തീയതിയും 18.07.2022 ൽ നിന്നും 31.07.2022 ആയി ദീർഘിപ്പിച്ചിട്ടുണ്ട്.

This has been notified vide notification no 11/ 2022 (Central Tax) dt 05-07-2022

അതോടൊപ്പം തന്നെ ഏതാനും Compostion tax payers ഉമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന Electronic cash ledger-ലെ negative liability issue പരിഹരിക്കുന്നതിനും council നിർദ്ദേശം നൽകിയിട്ടുണ്ട്.

7. AA/EPCG/EOU എന്നീ Scheme കളിൽപ്പെട്ട importer നുള്ള ഇപ്പോഴത്തെ IGST exemption scheme നിലവിലുള്ളതുപോലെ തുടരുവാൻ തീരുമാനിച്ചു. E-wallet scheme സംബന്ധിച്ച ചർച്ച ഇനി തുടരേണ്ടതില്ലെന്നും തീരുമാനിച്ചു.

8. താഴെ പറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള ആശയക്കുഴപ്പങ്ങളും നിയമപരമായ തർക്കങ്ങളും പരിഹരിക്കുന്നതിലേക്കായി സർക്കുലറുകളിറക്കുവാൻ Council ശുപാർശ ചെയ്തു.

a) ചില notification വഴി concession അനുവദിച്ചിട്ടുള്ള സാധനങ്ങൾ supply ചെയ്യുന്നവർക്ക് inverted duty structure വഴി refund claim ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച വിഷയം.

b) Fake invoice ഉപയോഗിച്ച് transaction നടത്തുന്ന ആളുകൾക്ക്മേൽ GST യിലെ Demand and Pentality provision ന്റെ applicability യുമായി ബന്ധപ്പെട്ട വിവിധ issue പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ളവ.

c)ഒരു registerd person നടത്തുന്ന interstate supply യെ സംബന്ധിക്കുന്ന കൃത്യമായ വിവരവും അതിലുൾപ്പെടുന്ന ineligible/blocked ITC തുകയും അതുമായി ബന്ധപ്പെട്ട reversal ഉം FORM GSTR 3-B യിൽ mandatory ആയി furnish ചെയ്യേണ്ടതിനെ സംബന്ധിച്ച clarification

d) മറ്റ് ചില GST issue ഉമായി ബന്ധപ്പെട്ട clarification.

i) Deemed Export ഉമായി ബന്ധപ്പെട്ട supplyയിൽ recipient refund claim ചെയ്യുന്ന സാഹചര്യത്തിൽ നിലവിലുള്ള issues സംബന്ധിച്ച clarifications:-

ii) GSTയിലെ Section17(5)ന്റെ Interpretation

സംബന്ധിച്ച് നിലനിൽക്കുന്ന വിവിധ issues നെ സംബന്ധിച്ച clarification.

iii) ഒരു contract agreement ൽ employee യ്ക്ക് നൽകുന്ന പ്രതിഫലത്തെ സംബന്ധിച്ച് നിലനിൽക്കുന്ന issues സംബന്ധിച്ച clarification.

iv) ഒരു Taxpayer ടെ Cash ledger, credit ledger എന്നിവയിൽ available ആയിട്ടുള്ള തുകകളെ tax payment ന് വേണ്ടിയും മറ്റ് liablity കളുമായി ബന്ധപ്പെട്ട payment കൾക്ക് വേണ്ടിയും utilise ചെയ്യുന്നതിനെ സംബന്ധിച്ച clarification

9. 2021-22 സാമ്പത്തിക വർഷത്തിലും 2 കോടി വരെ Annual Aggregate Turover ഉള്ളവർക്ക് Annual Return (GSTR 9/9A ഫയൽ ചെയ്യുന്നതിന്. Exemption നൽകുന്നതിനുള്ള ശുപാർശ Council നൽകിയിട്ടുണ്ട്.

This has been notified vide No. 10/2022 (Central Tax Dt. 05-07-2022.

10. CGST Rules ലെ. Rule 43 ലെ Explanation-1 amend ചെയ്യുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. Goods ന്റെയും Services ന്റെയും Export. സമയത്ത്. customs duty.യുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന ഒരു. script.. ആയ Duty Credit Script. ന്റെ മൂല്യവുമായി ബന്ധപ്പെട്ട് വരുന്ന exempted supply section. 43 വഴിയുള്ള reversal. ന് കണക്കാക്കേണ്ടതില്ല എന്ന amendment ആണിത്.

This has been notified Vide Notification No. 14- 2022 (Central Tax dt 05-07-2022 amending Rule 43 inserting a clause after clause (c) in Explanation-1.

11. Rule 87(3) പ്രകാരം GST payment നായി അംഗീകരിച്ചിട്ടുള്ള payment mode കളോടൊപ്പം (e-banking, Credit/ Debit Card, NEFT, RTGS, over the counter) UPI (Unified Payment interface) IMPS (Immediate payment service) എന്നീ mode കൾ കൂടി അനുവദിക്കുന്നതിനുള്ള ശുപാർശ നൽകിയിട്ടുണ്ട്.

12. ഒരു SEZ Unit/ SEZ Developer ക്ക് supply നടത്തുന്നതുമായി ബന്ധപ്പെട്ട് Rule 89(1) ൽ പ്രതിപാദിച്ചിരിക്കുന്ന "Specified Officer of the Zone'' എന്നതിന് clarity വരുത്തുന്നതിനായി ഒരു Explanation ഉൾപ്പെടുത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

അതായത്. Rule ൽ പറയുന്ന "Specified Officer" എന്നത് SEZ Rules 2006 പ്രകാരം define. ചെയ്തിരിക്കുന്ന "Specified officer" or "authorized Officer'' എന്ന്. explain ചെയ്യണം.

13. Export of electricity യുമായി ബന്ധപ്പെട്ട്. unutilized input tax credit ന് മേലുള്ള refund അനുവദിക്കുന്നതിലേക്കായി കളിൽ GST Act കളിൽ amendment വരുത്തണമെന്ന് ശുപാർശ ചെയ്യപ്പെട്ടു.

14. Inter National terminal കളിൽ (Air ports,Sea port etc.) Duty Free shops (DFS) വഴി, ഇന്ത്യയിൽ നിന്ന് പുറത്തേക്ക് പോകുന്ന യാത്രക്കാർക്ക് നടത്തുന്ന Supply export ആയി കണക്കാക്കുന്നതിനാൽ അവർക്ക് ആയതിൻ മേൽ refund facility ഉണ്ടായിരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് Rule 95A Circular No. 106/2019 ഉം മറ്റ് ബന്ധപ്പെട്ട നോട്ടിഫിക്കേഷനുകളും പിൻവലിക്കുവാൻ ശുപാർശ ചെയ്തു.

E. Measures for streamlining Compliances in GST

1, Rule 21 A amend ചെയ്തു കൊണ്ട്, ഏതെങ്കിലും തരത്തിലുള്ള non-compliance കാരണം ഒരു tax payer ടെ registration suspend ചെയ്യുന്നത്, അയാൾ അത് comply ചെയ്യുന്ന മുറയ്ക്ക് automatic ആയി revoke (revoke of suspension) ചെയ്യുന്നതിനായി നടപടി സ്വീകരിക്കുവാൻ council ശുപാർശ ചെയ്തു.

This has been notified vlide Notification No 14/ 2022 (Central Tax) dt 05-07-2022 amending Rule 21A inserting second proviso to sub Rule 4

2) GSTR 3B യിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ (GST ഗുണഭോക്താക്കൾ) നിന്ന് അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനായി public domain ൽ അവസരമൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള ശുപാർശ നൽകിയിട്ടുണ്ട്.

3) 1.03.2020 മുതൽ 28.02.2022 വരെയുള്ള കാലാവധിയെ Section 54,55 പ്രകാരം refund application file ചെയ്യുന്നതിനുള്ള time limitation

കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇത് erroneous refunds ഉ മായി ബന്ധപ്പെട്ട Section 73 ന്റെ time limitation ഉം ബാധകമാണ്.

കൂടാതെ 2017-18 വർഷത്തെ Section 73 പ്രകാരമുള്ള മറ്റ് Demandകളുമായി ബന്ധപ്പെട്ട ഓഡറുകൾ issue ചെയ്യുന്നതിനുള്ള Annual return ഫയൽ ചെയ്യേണ്ട തിയതിയുമായി link ചെയ്തിട്ടുള്ള സമയപരിധി 30.09.2023 വരെ നീട്ടുന്നതിനും ശുപാർശയുണ്ട്.

മേൽ വിശദീകരിച്ച ശുപാർശകളിൽ ജൂലൈ മാസം അഞ്ചാം തിയതി ചില ശുപാർശകൾ ചുവടെ ചേർത്തിട്ടുള്ള notification വഴി notify ചെയ്തിട്ടുണ്ട്.

Notification 14/2022 dated 05.07.2022

ഈ Rule amendemet- **(2022) ലെ ഫിനാൻസ് ആക്ട് ആനുസരിച്ചുള്ള ഭേദഗതികളാണ്.**

a) ഒന്നാമത്തെ മാറ്റമനുസരിച്ച് Rule 21A യിലെ Sub Rule (A) ലെ Provisoയ്ക്ക് ശേഷം മറ്റൊരു Proviso കൂട്ടിച്ചേർത്തു.

ഇത് പ്രകാരം. Sec.29(2) ലെ clause(b), (c) എന്നിവയിലെ Provision കൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിന്റെ പേരിൽ Rule 21A യിലെ Sub Rule (2A) പ്രകാരം suspend ചെയ്യപ്പെട്ട ഒരു Registaration (Rule 22 പ്രകാരം proper officer cancel ചെയ്തിട്ടില്ലെങ്കിൽ) എല്ലാ pending returns ഉം ഫയൽ ചെയ്താൽ മേൽപ്പറഞ്ഞ suspension revoke ചെയ്യപ്പെട്ടതായി കണക്കാക്കും.

b) രണ്ടാമത്തെ മാറ്റം വന്നിട്ടുള്ളത് Rule 43 ൽ ആണ് Rule 43(1)ൽ Clause (c) യ്ക്ക്ശേഷം Clause (d) കൂട്ടിച്ചേർത്തു.

ഇത് പ്രകാരം Goods ന്റെയോ Serviceന്റെയോ export ഉമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന Duty credit scripts ന്റെ മൂല്യം ഉൾപ്പെടുന്ന exempt supply യെ Rule 43വഴിയുള്ള reversial ന് കണക്കാക്കേണ്ടതില്ല.

c) ഈ rule amendemt ലെ മൂന്നാമത്തെ മാറ്റം. rule 46. ൽ ആണ് വന്നിട്ടുള്ളത്. rule46 ൽ clause (r) ശേഷം മറ്റൊരു clause ആയി clause (s)കൂട്ടിച്ചേർത്തു.

ഇതനുസരിച്ച് Rule 46 പ്രകാരം ഒരു invoice ൽ ഉണ്ടായിരിക്കേണ്ട 18 ഇനം വിവരങ്ങളോടൊപ്പം പുതിയതായി കൂട്ടിച്ചേർത്ത Clause (s) ൽ പറഞ്ഞിട്ടുള്ള ഒരു declaration കൂടി ചില പ്രത്യേക വിഭാഗക്കാർക്ക് ഏർപ്പെടുത്തി.

E- invocing നുള്ള turnover പരിധിയ്ക്ക് മുകളിൽ Annual Aggregate Turover വന്നിട്ടും. Rule 48(4) പ്രകാരം e- invoice generate ചെയ്യേണ്ടതില്ലാത്ത ആളുകൾ അവരുടെ invoice clause(s) ൽ പറഞ്ഞിട്ടുള്ള declaration കൂട്ടിച്ചേർക്കേണ്ടതാണ്.

d) ഈ Rule amendment notification വഴിയുള്ള നാലാമത്തെ മാറ്റം. Rule 86 ൽ ആണ്. ഇത് പ്രകാരം Rule 86- Sub Rule 4A യ്ക്ക് ശേഷം 4B എന്ന Sub Rule കൂട്ടിച്ചേർക്കപ്പെട്ടുവെന്നതാണ്.

ഇത് പ്രകാരം ഒരു registered person ന് Section 54(3) പ്രകാരമോ Rule 96(3) പ്രകാരമോ, Rule 96(3) ന് വിരുദ്ധമായി refund തെറ്റായ രീതിയിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആ തുക അയാളെക്കൊണ്ട് electronic cash ledger ലേക്ക് നിക്ഷേപിച്ച ശേഷം ആയതിനെ അയാളുടെ Electronic Credit Ledger ലേക്ക് ഒരു ഉത്തരവ് വഴി മാറ്റുന്നതിനായി Form GST PMT/O3A എന്ന പുതിയ Form ഏർപ്പെടുത്തി.

e) ഇതുമായി ബന്ധപ്പെട്ട അഞ്ചാമത്തെ മാറ്റം Rule 87 ൽ ആണ്. ഇതനുസരിച്ച് ഈ Rule ൽ താഴെ പറയുന്ന മാറ്റങ്ങൾ ഉണ്ടായി.

i) Rule 87(3) ൽ Clause (i) ന് ശേഷം (ia) unified payment interface (UPI) (ib) immediate payment Services (IMPS) എന്നിവ കൂട്ടിച്ചേർത്തു.

ഇതു വഴി ഈ രണ്ട് mode കൾ കൂടി GST portal വഴിയുള്ള payment നായി ഉപയോഗിക്കുന്നതിനുള്ള സൗകര്യം ലഭ്യമായി.

(ii) Rule 87 (5) ൽ RTGS എന്നതിന് ശേഷം immediate payment Services (IMPS) എന്നത് കൂട്ടിച്ചേർത്തു.

നേരത്തെ, RTGS വഴിയോ NEFT വഴിയോ GSTയുടെ payment നടത്തുകയാണെങ്കിൽ chellan ന്റെ കൂടെ ഒരു mandate Form കൂടി generate ചെയ്യണമെന്ന് ഈ Sub Section വഴി അനുശാസിച്ചിരുന്നു. ഇപ്പോൾ ഇവയ്ക്കൊപ്പം IMPS വഴിയുള്ള payment നെയും ഈ amendment വഴി കൂട്ടിച്ചേർത്തു.

(iii) Rule 87 ലെ മൂന്നാമത്തെ മാറ്റം വഴി Sub Rule (13) ന് ശേഷം Sub Rule (14) കൂട്ടിച്ചേർത്തു.

ഏതെങ്കിലും ഒരു Registered person ന്

അയാളുടെ ഒരു distinct person ന് (As per Section 25 (4) or 25 (5)

പ്രകാരം തന്റെ Electronoic Cas Ledger ൽ balance ആയി കിടക്കുന്ന ഒരു തുക From GST PMT-09 വഴി transfer ചെയ്ത് അത്തരത്തിലുള്ള Registered person ന്റെ cash ledger ലേക്ക് എത്തിക്കാവുന്നതാണ്.

ഇതോടൊപ്പം കൂട്ടിച്ചേർക്കപ്പെട്ട proviso അനുസരിച്ച്, ഇത്തരത്തിലുള്ള transfer അനുവദിക്കുന്നത് amount സ്വീകരിക്കുന്ന distinct person ന്റെ electronic liability ledger ൽ unpaid liability ഉണ്ടെങ്കിൽ മാത്രമായിരിക്കും.

f) ഈ Rule Amendment Notification ൽ ഉൾപ്പെടുത്തിയിട്ടുള്ള അടുത്ത മാറ്റം Rule 88 ലേതാണ്.

Rule 88 ൽ 88A ക്ക് ശേഷം 88 B എന്ന Rule insert ചെയ്തു. ഇത് താമസിച്ചടയ്ക്കുന്ന നികുതിയുമായി ബന്ധപ്പെട്ട interest കണക്കാക്കുന്നതിനെ സംബന്ധിച്ചുള്ളതാണ്. ഇതു പ്രകാരം 88B (1) ഒരു പ്രത്യേക Tax period ൽ Return ൽ declare ചെയ്യുന്ന നികുതി അടയ്ക്കുന്നത്, ആ മാസത്തെ Section 39 പ്രകാരമുള്ള Return (GSTR-3B) ന്റെ due date കഴിഞ്ഞതിനു ശേഷമായിരിക്കുകയും, അത്തരത്തിലുള്ള Return ഫയൽ ചെയ്യുന്നത് Section 73 ലോ, 74 ലോ ഉള്ള നടപടി ക്രമങ്ങൾ ആരംഭിച്ചതിനു ശേഷം അല്ലാതിരിക്കുന്ന സാഹചര്യത്തിലും, ഇത്തരത്തിൽ അടയ്ക്കേണ്ടിയിരുന്ന നികുതിയുടെ മേൽ അടയ്ക്കേണ്ട interest കണക്കാക്കുന്നത് electronic cash ledger ൽ നിന്നും debit ചെയ്ത് അടയ്ക്കുന്ന തുകയുടെ മേൽ ആയിരിക്കും. ഇത്തരത്തിൽ interest ചുമത്തുന്ന കാലാവധി, due dateകഴിഞ്ഞ് Return file ചെയ്യുന്നതുവരെയുള്ള സമയവും, പലിശ നിരക്ക് Section 50 (1) പ്രകാരം. notify ചെയ്ത തുകയുമായിരിക്കും.

88B (2) മറ്റ് case കളിൽ, ഒരാൾ അടയ്ക്കുവാനുള്ള ഏതെങ്കിലുമൊരു നികുതി തുക അടയ്ക്കപ്പെടാതെ കിടക്കുന്നുവെങ്കിൽ അയാൾക്ക് section 50(1) പ്രകാരം അത്തരത്തിലുള്ള തുക due ആയ തിയതി മുതൽ ആ തുക അടയ്ക്കുന്നതു വരെയുള്ള കാലത്തേക്കുള്ള പലിശ section 50(1) പ്രകാരം notify ചെയ്ത നിരക്കിൽ അടയ്ക്കേണ്ടതാണ്.

88B (3) ഒരാൾ തെറ്റായ രീതിയിൽ input tax credit avail ചെയ്യുകയും utilize ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിൽ , അത്തരത്തിലുള്ള ആളുടെ മേൽ ചുമത്തേണ്ട section 50 (3) പ്രകാരമുള്ള പലിശ, അയാൾ ടി input tax, utilize ചെയ്ത ദിവസം തുടങ്ങി reverse ചെയ്യുന്ന ദിവസം വരെയുള്ള period ലേക്ക് section 50 (3) പ്രകാരം notify ചെയ്തിട്ടുള്ള പലിശ നിരക്ക് പ്രകാരമായിരിക്കും കണക്കാക്കേണ്ടത്.

ഇതുമായി ബന്ധപ്പെട്ടുള്ള explanation പ്രകാരം, ഒരാൾ തെറ്റായ രീതിയിൽ avail ചെയ്ത input tax credit, utilize ചെയ്തതായി കണക്കാക്കപ്പെടുന്നത് അയാളുടെ. credit ledger ലുള്ള balance അയാൾ തെറ്റായി avail ചെയ്ത തുകയ്ക്ക് താഴെ ആകുന്നതു മുതലായിരിക്കും. ഇത്തരത്തിൽ utilize ചെയ്തതായി കണക്കാക്കപ്പെടുന്ന തുക, തെറ്റായി avail ചെയ്ത തുകയേക്കാൾ എത്ര തുക credit ledger ൽ കുറവു വന്നു എന്നതിൽ നിന്നും നിർണ്ണയിക്കാവുന്നതാണ്. (Explanation-1)

കൂടാതെ ഇതുമായി ബന്ധപ്പെട്ട date of utilisation താഴെ പറയുന്ന തിയതി ആയിരിക്കും.

a) ഒരാൾ അയാളുടെ input tax credit avail ചെയ്യുന്ന മാസത്തെ payment നായി ഉപയോഗിച്ച electronic credit ledger ൽ ഉണ്ടായിരുന്ന balance തെറ്റായി avail ചെയ്ത input tax credit തുകയേക്കാൾ കുറവായിരുന്നുവെങ്കിൽ, ആ മാസത്തെ Return due ആകുന്ന തീയതി അല്ലെങ്കിൽ return file ചെയ്ത തിയതി ഇവയിൽ ഏതാണോ ആദ്യം, അതായിരിക്കും date of utilisation.

b) മറ്റെല്ലാ case കളിലും electronic credit ledger ൽ നിന്നും ഏത് ദിവസം debit ചെയ്യുമ്പോഴാണോ ledger ലെ തുക തെറ്റായി avail ചെയ്ത തുകയേക്കാൾ കുറവാകുന്നത് ആ തീയതിയായിരിക്കും.

g) Rule 89- ൽ. Sub Rule (1) ൽ നാലാമത്തെ proviso യ്ക്ക് ശേഷം ഒരു explanation കൂട്ടിച്ചേർത്തു. ഇത് പ്രകാരം ഈ rule- ൽ പ്രതിപാദിക്കുന്ന Specified Special Officer or authorized Officer ആയിരിക്കും. (തുടരും)

ആദരാഞ്ജലികൾ

Tpr. മുരളീധരൻ. പി
KTPA കോഴിക്കോട് ജില്ലാ വൈസ് പ്രസിഡന്റ്

THE TAX ADVISOR

An Official Publication of Kerala Tax Practitioners' Association

Ganesh Bhavan, TC 38/2906 (1), Opp. GMBHSS Killippalam
Chalai P.O., Thiruvananthapuram- 695036
Mobile: 9846255537, 9562912666, E-mail:advisor.ktpa@gmail.com

ANNUAL SUBCRIPTION : RS. 200/-

Mode of Payment : Cheque/ Draft/ NEFT
Account Details:
The Tax Advisor
Dhanlaxmi Bank, Attukal Branch
Account No: 026905300001798
IFSC : DLXB 0000269

ജി.എസ്.ടി, ഇൻകം ടാക്സ്, ഇ.എസ്.ഐ, പി.എഫ് തുടങ്ങിയ വിവിധ നികുതി വിഷയങ്ങളെക്കുറിച്ചുള്ള ലളിതവും, സമഗ്രവും ആധികാരികവുമായ ആനുകാലിക മാസിക.

For Subscription log on to:www.taxpractitioners.in

RNI.No.Kerbil/2011/44238
Vol. No. VIII Issue No.3

THE TAX ADVISOR
AUGUST 2022

Date of Publication 15-08-2022

Printed and Published by K. Manirathan on behalf of Kerala Tax Practitioners Association, Reg. No. 07-02-of 2011, Sundaralayam, Vyttila, Cochin- 19 and Printed at New Genial Printers, Dharmalayam Road,Trivandrum-695001 and Published at Ganesh Bhavan, TC 38/2906 (1), Opp. GMBHSS Killippalam Chalai P.O., Thiruvananthapuram- 695036, Editor: Tpr. S.Vijayan Achari